കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# കോട്ടയം ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

# കണ്ണൂർ ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം. കെ.എസ്.എ./കെ.എൻ.ആർ./സി.8/1728/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഫോൺ - 0497 - 2707698
ഇ-മെയിൽ: doknr.ksad@kerala.gov.in
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
തിയ്യതി. 03.12.2018

ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡന്റ് ( സെക്രട്ടറി മുഖേന )

കോട്ടയം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കോട്ടയം ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 , ഭാഗം 3എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15) ഓഡിറ്റ് റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച

തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ) ചട്ടം 21(1)(2)എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഏയിംസിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കണ്ണൂർ ജില്ല (ഇ-മെയിൽ വഴി)

3)കാര്യാലയ പകർപ്പ്

നം. കെ.എസ്.എ./കെ.എൻ.ആർ./സി.8/1728/2018 തീയ്യതി 03.12.2018

## കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട്

ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. കോട്ടയം ഗ്രാമ പഞ്ചായത്ത് 4-7-2017 മുതൽ 2-9-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുമുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ഗ്രാമ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുവാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ. ബി.സന്തോഷ് .<br>ഡെപ്യൂട്ടിഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ്നടത്തിയ ഉദ്യോഗസ്ഥരുടെ പേര് | തസ്തിക |
|---|---|---|
| 3-9-.2018മുതൽ<br>7-9-2018വരെയും<br>11-9-2018 മുതൽ<br>14-9-2018വരെയും | ശ്രീമതി.ലതവാണി.എൻ.എൻ | ഓഡിറ്റ്ഓഫീസർ |
| | ശ്രീ .ശശീന്ദ്രൻ .കെ | അസിസ്റ്റന്റ്ഓഡിറ്റ്ഓഫീസർ |
| | ശ്രീമതി. വിപിന വത്സരാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി.വനജമാടത്താൻകണ്ടി | ഓഡിറ്റർ |

നിർവ്വഹണാധികാരികളുടെ പേര് &കാലയളവ്

| | | |
|---|---|---|
| പ്രസിഡണ്ട് | ശ്രീമതി-ടി-ഷബ്ന | 1.4.2017മുതൽ31.3.2018 വരെ |
| സെക്രട്ടറി | ശ്രീ.കെ.ദിവാകരൻ | 01.04.2017 മുതൽ 31.03.2018 വരെ |

മറ്റ് നിർവ്വഹണാധികാരികളുടെ പേര് & കാലയളവ്

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. മീര .യു. എൻ | 01.04.2017മുതൽ 04.11.2017FNവരെ |
| | ശ്രീമതി.ഷിൻസി.എൻ.ടി | 04.11.2017AN മുതൽ 31.03.2018വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ . വിനോദ് കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.കവിത.കെ.കെ | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. പി .ഷൈജി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | ഡോ.വിനീതജനാർദ്ദനൻ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. നീന. എ. | 01.04.2017 മുതൽ 31/07/2017 വരെ |
| | ഡോ. ജസീതദേവി | 01.08.2017 മുതൽ 31/03/2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.പ്രമീള .ടി എം | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.പ്രണാം കെ. ടി | 01.04.2017 മുതൽ 19.10.2017 FN വരെ |
| | ഗിരീഷ് | 19.10.2017ANമുതൽ31.03.2018വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | രേഷ്മ .കെ | 01.04.2017 മുതൽ 31.03/2018 വരെ |
| മെഡിക്കൽ | ഡോ. ശ്രീകാന്ത് | 01.04.2017 മുതൽ 15.11.2017 വരെ |

| | | |
|---|---|---|
| ഓഫീസർ, ആയുർവ്വേദം | ഡോ. മുരളി മനോഹർ | 16.11.2017 മുതൽ 16.01.2018 FN വരെ |
| | ഡോ. മുഹമ്മദ് പി. | 16.1.2018 AN മുതൽ 31.03.2018 വരെ |

ഉള്ളടക്കം

ഭാഗം 1



| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രികയിലെ അപാകങ്ങൾ | 1-12 |
| 13 | പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ | 1-13 |

| | | |
|---|---|---|
| 14 | ദുരിതാശ്വാസ നിധി | 1-14 |

ഭാഗം-II

വരവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ

| | | |
|---|---|---|
| 15 | ഇ-ടെണ്ടർ ഫീയിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള ₹ 36100 രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് | 2-1 |
| 16 | ഡി & ഒ ലൈസൻസ് -അപാകങ്ങൾ | 2-2 |

ഭാഗം-III

ചെലവ് കണക്കുകളിലെ ഓഡിറ്റ് നിരീക്ഷണങ്ങൾ

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 17 | മരാമത്ത് പ്രവൃത്തികൾ -അവലോകനം | 3-1 |
| 18 | കരാറുകാരനിൽനിന്നും ടെണ്ടർ കുറവ് ഈടാക്കി ഒടുക്കേണ്ടതാണ് | 3-2 |
| 19 | റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി റോഡ് പദ്ധതിയും തയ്യാറാക്കിയിട്ടില്ല. | 3-3 |
| 20 | മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 3-4 |
| 21 | റോഡ് ടാറിംഗ് പ്രവൃത്തികളിൽ പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നില്ല. | 3-5 |
| 22 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 3-6 |

| | | |
|---|---|---|
| 23 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണംനടത്തിയ പ്രോജക്ട് നടത്തിപ്പും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും | 3-7 |
| 24 | ശ്യമപ്രസാദ് മുഖർജി റർബൻ മിഷൻ പദ്ധതിയിൽ നടപ്പാക്കിയ പദ്ധതികൾ | 3-8 |
| 25 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -മോണിട്ടറിംഗില്ല | 3-9 |
| 26 | കൃഷിഭവനിലേക്ക് ഫർണിച്ചർ വാങ്ങൽ- -കൃത്യമായ മോണിട്ടറിംഗ് നടന്നില്ല | 3-10 |
| 27 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അളക്കുന്ന പാലിന്റെ അളവ് സാക്ഷ്യപ്പെടുത്തേണ്ടതാണ്. | 3-11 |
| 28 | സാമൂഹ്യ ക്ഷേമ പെൻഷൻ-അവലോകനം | 3-12 |
| 29 | തെരുവ് വിളക്ക് അറ്റകുറ്റപ്പണി-സംയുക്ത പരിശോധന നടത്തിയിട്ടില്ല-തെരുവ് വിളക്കുകൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് കൃത്യമായകണക്കില്ല. | 3-13 |
| 30 | മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ- ശുചിത്വമിഷൻഫണ്ട് ലഭ്യമാകാത്തത് | 3-14 |
| 31 | ആയുർവ്വേദം - 1,13,913/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. | 3-15 |
| 32 | മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണം നടത്തിയ പ്രോജക്ടുകളിലെ അപാകങ്ങൾ. | 3-16 |
| 33 | ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട്- രേഖകൾ ലഭ്യമാക്കിയില്ല | 3-17 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 34 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 35 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 37 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 39 | ഓഡിറ്റ് റിക്കവറി | 4-6 |
| 40 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 41 | ചാർജ് /സർചാർജ് നടപടി വഴി ഈടാക്കിയ തുക | 4-8 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 43 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| | അനുബന്ധ പത്രികകൾ | |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം -1 |
| 45 | റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം 2-1 |
| 46 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം 2-2 |

| | | |
|---|---|---|
| 47 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

30.03.2017തീയതിയിലെ 39/17തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 28.03.2018 തീയതിയിലെ 37/18 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

| ബജറ്റ് | | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| മുന്നിരിപ്പ് | 49,39,194. 00 | 44,82,111. 03 |
| വരവ് | 11,03,04,000.00 | 9,06,30,967. 00 |
| ആകെ | 11,52,43,194.00 | 9,51,13, 078 .03 |
| ചെലവ് | 10,92,07,363.00 | 9,22,89,489 .00 |
| നീക്കിയിരിപ്പ് | 60,35,831 .00 | 28,23,589. 03 |

ബജറ്റ് തയ്യാറാക്കുന്നതിലെ അപാകതകൾ

കേരളപഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ -214, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് മാന്വൽ എന്നിവ പ്രകാരം ബജറ്റ് തയ്യാറാക്കുമ്പോൾ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

(1)ഡിസംബർ അവസാന വാരം ഉദ്യോഗസ്ഥരുടെ പക്കൽ നിന്നും (ഘടക സ്ഥാപനങ്ങളിലെ ഓഫീസ് തലവന്മാരിൽ നിന്നും) തന്നാണ്ടു വർഷത്തെ റിവൈസ്ഡ് ബജറ്റിനുള്ള പ്രൊപ്പോസലുകളും ബജറ്റ് വർഷത്തേക്കുള്ള പ്രൊപ്പോസലുകളും സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്.

(2)സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങൾ ജനവരി മാസം ആദ്യ വാരത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിക്കണം.ജനവരി 15 നകം സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് ലഭിക്കണം.

(3)ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ നിർദ്ദേശങ്ങൾ ചർച്ച ചെയ്ത് വരുമാന സ്രോതസ്സുകളുടെ അടിസ്ഥാനത്തിൽ കരട് ബജറ്റ് തയ്യാറാക്കുകയും ആവശ്യമെങ്കിൽ മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഉദ്യോഗസ്ഥരെയും ക്ഷണിക്കേണ്ടതുമാണ്.

എന്നാൽ കോട്ടയം ഗ്രാമപഞ്ചായത്തിൽ മേൽ കാര്യങ്ങളിൽ പറഞ്ഞത് പ്രകാരമല്ല ബജറ്റ് പാസ്സാക്കിയിരിക്കുന്നത്. 3-2-2017 (തീരുമാനം 6/17) നാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് തയ്യാറാക്കുന്നതിനായി വരവു ചെലവു കണക്കുകളുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്നും ലഭ്യമാക്കി ക്രോഡീകരിച്ച് സമർപ്പിക്കുന്നതിന് മറ്റ് സ്റ്റാന്റിംഗ് കമ്മിറ്റികളോട് ആവശ്യപ്പെടുന്നതിനായി തീരുമാനിച്ചത് . ബജറ്റ് പാസ്സാക്കുന്നതിന് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി റവന്യൂ ചെലവുകൾക്കായി സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും നിർദ്ദേശങ്ങൾ ആവശ്യപ്പെടുകയോ വിവിധ ഘടകസ്ഥാപനങ്ങളിലെ വരവ്-ചെലവ് സംബന്ധിച്ച സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തതായി കാണുന്നില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 22-3-2017 ലെ 14/17 തീരുമാന പ്രകാരം കരട് ബജറ്റും 19-3-2018 ലെ 66/18 തീരുമാന പ്രകാരം റിവൈസ്ഡ് ബജറ്റും അംഗീകരിച്ചിട്ടുണ്ട്-

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/2018 | 3/5/2018 | തിരിച്ചയച്ചിട്ടില്ല | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2017-18 | 22/6/2018 & 23/6/2018 | KSA/KNR/C8/ 1231/2018<br>31/07/2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18,74,763 .00 |
| വരവ് | 4,05,85,297. 00 |
| ആകെ | 4,24,60,060 .00 |
| ചെലവ് | 3,90,39,256 .00 |
| നീക്കിയിരിപ്പ് | 34,20,804 .00 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | ACR പ്രകാരമുള്ള അലോട്ട് മെന്റ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 79,72,000 | 79,72,000 | 7092693 | 879307<br>(ലാപ്സായത് ) |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്- എസ്.സി.പി (ACR പ്രകാരം) | | 0 | 5,87,640 | 5,87,640 | 5,87,640 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 36,83,000 | 36,83,000 | 2637301 | 1045699 (ലാപ്സായത്) |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 25,91,000 | 25,91,000 | 25,91,000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 37,43,995 | 37,43,995 | 36,57,786 | 86,209 (ലാപ്സായത്) |
| കെ.എൽ.എസ്. ജി.ഡി.പി (ACR പ്രകാരം) | | 0 | 9,11,787 | 9,11,787 | 9,11,006 | 781 (ലാപ്സായത്) |
| സാക്ഷരത | | 7,991 | 0 | 7,991 | 0 | 7,991 |
| ദുരിതാശ്വാസനിധി | | 45,572 | 11,080 | 56652 | 11,080 | 45,572 |
| എം ജി എൻ ആർ ഇ ജി എസ് | തൊഴിലാളികളുടെ കൂലി | 0 | 95,48,087 | 95,48,087 | 95,48,087 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 1,000 | 5,86,291 | 5,87,291 | 5,85,186 | 2,105 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| സമ്പൂർണ്ണ ശുചിത്വം | 0 | 1,42,500 | 1,42,500 | 1,42,500 | |
| ഐ സി ഡി എസ് | 3,47,016 | 5,30,682 | 8,77,698 | 4,00,000 | 4,77,698 |
| സ്പെസിഫിക്ക് പർപ്പസ് ഗ്രാന്റ്( റർബൻ മിഷൻ പദ്ധതി) | 0 | 70,83,025 | 70,83,025 | 69,07,588 | 1,75,437 |
| എം പി ഫണ്ട് | 777 | 0 | 0 | 0 | 777 |
| ബി ഫണ്ട് | | | | | |
| 1-തൊഴിലില്ലായ്മ വേതനം | | 44,040 | 44,040 | 44,040 | |
| 2.വിധവകളുടെ പെണ്മക്കളുടെ വിവാഹ ധനസഹായം | | 1,20,000 | 1,20,000 | 1,20,000 | |
| 3-കർഷകതൊഴിലാളി പെൻഷൻ | | 29,37,600 | 29,37,600 | 29,37,600 | |
| 4-വിധവാപെൻഷൻ | | 82,14,100 | 82,14,100 | 82,14,100 | |
| 5-വാർദ്ധക്യകാല പെൻഷൻ | | 1,45,73,100 | 1,45,73,100 | 1,45,73,100 | |
| 6-വികലാംഗപെൻഷൻ | | 22,21,000 | 22,21,000 | 22,21,000 | |
| 7-അവിവാഹിത പെൻഷൻ | | 12,51,400 | 12,51,400 | 12,51,400 | |
| സംസ്ഥാന സർക്കാർ | 40,000 | 28,63,819 | 29,03,819 | 17,51,319 | 11,52,500 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് | | | | | | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 1,029 | 4,45,600 | 4,46,629 | 4,03,075 | 43,554 |
| | ജില്ലാ പഞ്ചായത്ത് | 0 | 2,94,600 | 2,94,600 | 2,60,662 | 33,938 |
| ജനറൽ പർപ്പസ് ഗ്രാന്റ് * | | | 63,65,000 | | | |
| തനത് ഫണ്ട് | ബാങ്ക് ** അക്കൗണ്ട് | 13,34,572 | 16,24,922 | 29,59,494 | 11,77,426 | 17,82,068 |
| | ട്രഷറി *** അക്കൗണ്ട് | 4,48,055 | 87,85,569 | 92,33,624 | 79,35,767 | 12,97,857 |
| ഗുണഭോക്തൃ വിഹിതം | | 53 ,494 | 2,09,760 | 2,63,254 | 2,56,988 | 6,266 |

* ജനറൽ പർപ്പസ് ഗ്രാന്റിന് മാത്രമായി വരവ് ചെലവ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ , ഈ ഇനത്തിന്റെ മുന്നിരിപ്പ് , ചെലവ് ,നീക്കിയിരിപ്പ് വിവരങ്ങൾ ലഭ്യമല്ല

**&***വാർഷിക ധനകാര്യ പത്രികയിലെ മുന്നിരിപ്പും , നീക്കിയിരിപ്പും ആണ് ഉൾപ്പെടുത്തിയത്-തനത് ഫണ്ടിൽ ബാങ്ക് അക്കൗണ്ടിലെ വരവായെടുത്തിരിക്കുന്നത് റസീറ്റ് & പെയ്മെന്റ് പത്രികയിലെ തനത് വരവാണ്

ഫണ്ട് ചെലവഴിച്ചതിന്റേയും ലാപ്സായതിന്റേയും വിവരം

| ഫണ്ടിനം | വരവ് | ചെലവ് | ചെലവ് ശതമാനം | ലാപ്സായ തുക (ശതമാനം) |
|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 79,72,000 | 70,92,693 | 88.97 | 11.03 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 5,87,640 | 5,87,640 | 100 | ഇല്ല |

| | | | | |
|---|---|---|---|---|
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 36,83,000 | 26,37,301 | 71.60 | 28.4 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 25,91,000 | 25,91,000 | 100 | ഇല്ല |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 37,43,995 | 36,57,786 | 97.69 | 2.31 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | 9,11,787 | 9,11,006 | 100 | ഇല്ല |

ഫണ്ട് ചെലവഴിച്ചതിന്റേയും നീക്കിയിരിപ്പിന്റേയും വിവരം

കേന്ദ്ര സർക്കാർ വിഹിതത്തി ൽ ₹ 6.53 ലക്ഷവും ,സംസ്ഥാന സർക്കാർ ഗ്രാന്റിനത്തിൽ ₹ 11.52 ലക്ഷവും നീക്കിയിരിപ്പുണ്ട് - കേന്ദ്ര ഗവൺമെന്റിന്റെ റർബൻ മിഷൻ പദ്ധതിയ്ക്ക് വേണ്ടി ലഭിച്ച തുകയിൽ 97.52 % ചെലവഴിച്ചിട്ടുണ്ട്-സംസ്ഥാന സർക്കാർ ഗ്രാന്റിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി കെട്ടിട നിർമ്മാണം പൂർത്തിയാകാത്തതിനാൽ ₹ 11 ലക്ഷം നീക്കിയിരിപ്പുണ്ട്-തനത് ഫണ്ട് വരുമാനം വളരെ കുറവായതിനാൽ സംസ്ഥാന സർക്കാരിൽ നിന്നും 15 ലക്ഷം ലഭിച്ചത് ചെലവഴിച്ചിട്ടുണ്ട് -

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 115 | 3,09,17,756 | 77 | 2,05,79,016 | 12 | 26 | 67 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 30,90,579 | 18 | 2078889 | 12 | 66.66 |
| വില്ലേജ് | 18,31,679 | 13 | 1432394 | 11 | 84.61 |

| | | | | | |
|---|---|---|---|---|---|
| എക്സ്റ്റൻഷൻ ഓഫീസർ- | | | | | |
| അസിസ്റ്റന്റ് എഞ്ചിനിയർ | 1,55,51,541 | 43 | 9060898 | 27 | 62.79 |
| കൃഷി ഓഫീസർ | 1922917 | 9 | 1072190 | 9 | 100 |
| വെറ്ററിനറി സർജ്ജൻ | 2442500 | 11 | 1271565 | 10 | 90.90 |
| മെഡിക്കൽ ഓഫീസർ -പി എച്ച് സി | 7,40,000 | 4 | 7,26,339 | 4 | 100 |
| മെഡിക്കൽ ഓഫീസർ- ആയ്യുർവേദം | 9,00,000 | 3 | 8,99,299 | 3 | 100 |
| ഐസി ഡി എസ് സൂപ്പർവൈസർ | 3846260 | 5 | 3535789 | 5 | 100 |
| അസിസ്റ്റന്റ് സെക്രട്ടറി | 1,75,000 | 3 | 1,25,000 | 2 | 66.66 |
| ഹെഡ് മാസ്റ്റർ | 417280 | 6 | 376653 | 6 | 100 |

കാർഷീകം , വിദ്യാഭ്യാസം, സംയോജിത ശിശുവികസന പരിപാടി, ആരോഗ്യം എന്നീ മേഖലകളിൽ ഏറ്റെടുത്ത മുഴവൻ പ്രോജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനിയർ എന്നിവർ നിർവ്വഹണം നടത്തിയ പദ്ധതികൾ ശരാശരി 65 % മാത്രമാണ്

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1000 | 586291 | 587291 | 585186 | 2105 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 9548087 | 9548087 | 9548087 | 0 |

| | | | | | |
|---|---|---|---|---|---|
| | | | | | |
| | 1000 | 10134378 | 10135378 | 10133273 | 2105 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾതാഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 44040 | 81 |
| കർഷകതൊഴിലാളി പെൻഷൻ | 2937600 | 250 |
| വിധവാപെൻഷൻ | 8214100 | 693 |
| വാർദ്ധക്യകാലപെൻഷൻ | 14573100 | 1154 |
| വികലാംഗപെൻഷൻ | 2221000 | 193 |
| അവിവാഹിത പെൻഷൻ | 1711600 | 144 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 120000 | 4 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 3-9-2018. 3-10 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.പരിശോധനയിൽ 9,409 രൂപ
ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പൊതു ചുമതലകളുടെ നടത്തിപ്പിനൊപ്പം പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ചിട്ടയായും കാര്യക്ഷമമായും നിർവ്വഹിക്കേണ്ടത് തദ്ദേശ സ്വയംഭരണസ്ഥാപന ഓഫീസിന്റെ ചുമതലയാണ്. ഓഫീസിലെ മുഴുവൻ ജീവനക്കാർക്കും ഇതിന്റെ ഉത്തരവാദിത്വമുണ്ട്. 2017-18 – ൽ ആകെ 8

തവണ ഓഫീസ് മീറ്റിംഗ് ചേർന്നിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം, നികുതി പിരിവ്, ഐ.എസ്.ഒ സർട്ടിഫിക്കേഷൻ എന്നിവയുടെ മീറ്റിംഗാണ് പ്രധാനമായും ചേർന്നത്. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ സംബന്ധിച്ച മീറ്റിംഗിൽ ജനപ്രതിനിധികളുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച മീറ്റിംഗിൽ അതുമായി ബന്ധപ്പെട്ട ജീവനക്കാരുടെ പ്രാതിനിധ്യം മാത്രമാണ് ഉണ്ടായത്. ഓഫീസ് പ്രവർത്തനങ്ങളുടെ മൊത്തത്തിലുള്ള അവലോകനം നടത്തുന്നതിനായി പ്രതിമാസ യോഗം കൂടേണ്ടതാണ്. ഓഫീസ് ഓർഡർ ബുക്കിൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇൻകുംബെൻസി മാസ്റ്റർ രജിസ്റ്റർ പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്തി തയ്യാറാക്കേണ്ടതാണ്. ഫ്രണ്ട് ഓഫീസ് ഡയറിയിൽ, എല്ലാ വിവരവും (സേവനം കൈപ്പറ്റുന്നയാളുടെ പേര്, ഒപ്പ്, സേവനം നൽകേണ്ട തീയതി , നൽകിയ തീയതി) കൃത്യമായി പൂരിപ്പിക്കുന്നില്ല. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ, വസ്തുനികുതി ഡിമാന്റ്, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, ഡി & ഒ രജിസ്റ്റർ, വ്യാപാരികളുടെ പട്ടിക എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടുണ്ട്, സ്യൂട്ട് രജിസ്റ്റർ വിവരാവകാശ രജിസ്റ്റർ എന്നിവയും സൂക്ഷിക്കുന്നുണ്ട്. ജീവനക്കാർ തൻപതിവേട് രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും, ഫയൽ മേലുദ്യോഗസ്ഥന് സമർപ്പിച്ചതിന്റെയോ തീർപ്പാക്കിയതിന്റെയോ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. സെക്ഷനുകളിൽ സ്വീകരിച്ച ഫയലുകളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത് ആയതിനാൽ എത്ര ഫയൽ ലഭിച്ചെന്നോ എത്ര ഫയൽ തീർപ്പാക്കിയെന്നോ നിർണയിക്കാൻ കഴിയില്ല. റണ്ണിംഗ് നോട്ട് സൂക്ഷിക്കുന്നില്ല. സുതാര്യവും സത്വരവുമായ ഭരണനിർവ്വഹണത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20-8-2018 | 1-7-2018 മുതൽ 31-7-2018 വരെ | 20-8-2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-8-2005 മുതൽ 9-9-2005 വരെ | 1997-98 മുതൽ 2004-05 വരെ | 27-9-2005 |

## 1-12 വാർഷീക കണക്കിലെ അപാകങ്ങൾ

1. 2017-18 വർഷത്തെ വസ്തു നികുതി സംബന്ധിച്ച് വാർഷിക കണക്കിലെ സ്ഥിതിവിവരങ്ങൾ സഞ്ചയ പ്രകാരമുള്ള സ്ഥിതിവിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

2. വസ്തു നികുതി കുടിശ്ശിക ഡിമാന്റ് ( 2016-17 വർഷത്തെ വാർഷിക കണക്ക് ബി. 15 പ്രകാരം) 27756 രൂപയാണ്. എന്നാൽ സഞ്ചയ ഡി. സി.ബി പ്രകാരം ഡിമാന്റ് തുക 28394 രൂപയാണ്. കുടിശ്ശിക പിരിവ് സഞ്ചയപ്രകാരവും,വാർഷീകധനകാര്യപത്രിക പ്രകാരവും 28703 രൂപയുമാണ്. ഡിമാന്റിനേക്കാൾ പിരിവ് വന്നതായി കാണുന്നു.

3. ഡി& ഒ ഇനത്തിൽ വാർഷികകണക്കു പ്രകാരമുള്ള വിവരങ്ങളും, ഡി & ഒ രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങളും പൊരുത്തപ്പെടുന്നില്ല. വാർഷിക കണക്കുപ്രകാരമുള്ള ഡിമാന്റ് 115554 രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് 114680 വ്യത്യാസം 874 രൂപ.

4. 2017-18 വാർഷിക ധനകാര്യപത്രിക 1-6 പ്രകാരം ബി ഫണ്ടിനത്തിൽ 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ പദ്ധതിക്ക് ലഭിച്ച തുക 1251400 രൂപയാണ്. എന്നാൽ സേവനയിലെ പെൻഷൻ കണക്ക് പ്രകാരമുള്ള ഈ ഇനത്തിലെ തുക 1711600 രൂപയാണ്. വ്യത്യാസം 460200 രൂപ.

5. 2017-18 ലെ നീക്കിയിരിപ്പ് തുകയിൽ എം.പി ഫണ്ടിനത്തിൽ വാർഷിക കണക്ക് പ്രകാരമുള്ള തുകയും, ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല (വാർഷിക കണക്ക് പ്രകാരമുള്ള തുക 777, ബാങ്ക് പാസ്ബുക്ക് പ്രകാരമുള്ള തുക 405.90 രൂപ)

6. ബാലൻസ് ഷീറ്റ് ബി 1 പത്രിക പ്രകാരം Excess of Income Over Expenditure ഇനത്തിലെ തുക12502044.52 രൂപയാണ്. എന്നാൽ ട്രയൽ ബാലൻസ് നീക്കിയിരിപ്പ് പ്രകാരമുള്ള തുക 9571383.52 മാത്രമാണ്.

7. 2011 ലെ കേരളപഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 62 ൽ നിർദ്ദേശിച്ച വിധത്തിൽ, വാർഷിക കണക്കുകളോടൊപ്പം അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ (62 ഇ ), അടിസ്ഥാന അനുപാതങ്ങൾ (62 എഫ് ) എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.

8. ബാങ്ക് റീകൺസിലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി അനുരഞ്ജനം നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

9. മൂന്നുമാസത്തിലധികമായി പണമാക്കിമാറ്റാത്ത ചെക്കുകളുടെ വിവരം കാലാവധികഴിഞ്ഞ ചെക്കുകൾ എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

10. വാർഷിക ധനകാര്യപത്രിക ബി-18 ൽ ഇംപ്രസ്റ്റ് തുക ഉൾപ്പെടുത്തിയിട്ടില്ല.

## 1-13 <u>പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ</u>

പതിമൂന്നാം പഞ്ചവത്സര പദ്ധതി 2017-18 വാർഷിക പദ്ധതി തയ്യാറാക്കുന്നത് സംബന്ധിച്ച പഞ്ചായത്ത് ആസൂത്രണ സമിതി,വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം, വികസന രേഖ തയ്യാറാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എന്നിവ നം 72/2017 ത.സ്വ.ഭ.വ തീയതി 29/3/2017 & നം 10/2017 ത.സ്വ.ഭ.വ തീയതി 9/1/2017 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ ഉത്തരവുകളിൽ നിർദ്ദേശിച്ചവിധം പദ്ധതി ആസൂത്രണത്തിന്റെ ആദ്യഘട്ട പ്രവർത്തനങ്ങളായ ആസൂത്രണ സമിതിയും ,വർക്കിംഗ് ഗ്രൂപ്പുകളും 16/1/2017 ന് രൂപീകരിച്ചിട്ടുണ്ട് (പഞ്ചായത്ത് ഭരണ സമിതി തീരുമാനം 8/2017 തീയതി -16-1-2017)ആസൂത്രണ സമിതിയിൽ 13 അംഗങ്ങൾ ഉൾപ്പട്ടിട്ടുണ്ട് -ഈ ആസൂത്രണസമിതി

2017-18 പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ 2 യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികളുടെ പരിധിയിൽ വരുന്ന പദ്ധതികൾ സമയബന്ധിതമായി പൂർത്തീയാക്കുവാനായി നിർദ്ദേശിച്ചിട്ടുണ്ട്.

വർക്കിംഗ് ഗ്രൂപ്പ് -പദ്ധതികളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും ഉത്തരവാദിത്വ പൂർണ്ണമായ പങ്ക് വഹിക്കേണ്ട വിഭാഗമാണ് വർക്കിംഗ് ഗ്രൂപ്പുകളും, സ്റ്റാന്റിംഗ് കമ്മറ്റികളും. ആസൂത്രണസമിതിയുടെ നേതൃത്വത്തിൽ വർക്കിംഗ് ഗ്രൂപ്പ് ജനറൽ ബോഡി പുന: സംഘടിപ്പിച്ചിട്ടുണ്ട്. 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട് . മോണിറ്ററിംഗ് കമ്മിറ്റി പഞ്ചായത്ത് ഭരണ സമിതിയുടെ 27-2-2018 ലെ തീരുമാനം നമ്പർ 23/2018( 9 ) രൂപീകരിച്ചിട്ടുണ്ടെങ്കിലും മോണിറ്ററിംഗ് നടത്തിയത് സംബന്ധിച്ച വിവരങ്ങളൊന്നും മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ഓരോ പ്രോജക്ടും നിർവ്വഹിച്ച കഴിഞ്ഞാൽ പ്രോജക്ട് ഫയലിനോടൊപ്പം നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രൊജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമാക്കികൊണ്ടുള്ള പൂർത്തീകരണപത്രം തയ്യാറാക്കി സമർപ്പിക്കേണ്ടതുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥർ തയ്യാറാക്കുന്ന ഇത്തരം റിപ്പോർട്ടുകൾ വിഷയ മേഖലാടിസ്ഥാനത്തിലും, തദ്ദേശഭരണസ്ഥാപനാടിസ്ഥാനത്തിലും ക്രോഡീകരിച്ച് സാമ്പത്തിക വർഷാവസാനം പദ്ധതി വിലയിരുത്തലിന് ഉപയോഗപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രോജക്ട് ഫയലുകലളിൽ ഒന്നിലും ഇതു സംബന്ധിച്ച രേഖകൾ ഉള്ളടക്കം ചെയ്തിട്ടില്ല.പൊതുഭരണവും ധനകാര്യവും വർക്കിംഗ് ഗ്രൂപ്പ് 6 യോഗം കൂടിയിട്ടുണ്ട്. 29-4-2017 , 26-2-2018, 10-3-2018 എന്നീ യോഗങ്ങളുടെ മിനുട്ട്സ് രേഖപ്പെടുത്തിയിട്ടില്ല. 29-4-2017 ന്റെ യോഗത്തിലെ കരട് പദ്ധതി നിർദ്ദേശങ്ങൾ വെള്ളക്കടലാസിൽ എഴുതി രജിസ്റ്ററിൽ പിൻ ചെയ്ത രീതിയിലാണ് ഉള്ളത്. ഗ്രൂപ്പ് നിർദ്ദേശിച്ച വിവിധ പദ്ധതി നിർദ്ദേശങ്ങളിൽ ഐ എസ് ഒ സർട്ടിഫിക്കേഷൻ മാത്രമാണ് ഈ വർഷം നടപ്പിലാക്കിയത്. പദ്ധതികളുടെ അടങ്കൽ തുകയെകുറിച്ച് വിലയിരുത്തൽ നടത്തേണ്ടത്. പ്രൊജക്ടുകളുടെ പരിസ്ഥിതി ആഘാത സാദ്ധ്യതകൾ പരിശോധിക്കേണ്ടത് . ചെറുതും ഫലപ്രാപ്തികുറഞ്ഞതുമായ പ്രൊജക്ടുകൾ ഒഴിവാക്കേണ്ടുന്ന ചുമതല എന്നിവ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. എന്നാൽ ഇത്തരം പ്രവർത്തനങ്ങൾ നടത്തിയതു സംബന്ധിച്ച വിവരങ്ങളൊന്നും വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സിൽരേഖപ്പെടുത്തിയിട്ടില്ല. 2017-18 വർഷം നടപ്പിലാക്കുവാനായി പൊതുഭരണവും, ധനകാര്യവും വർക്കിംഗ് ഗ്രൂപ്പിൽ നിന്നും നിർദ്ദേശിച്ച പദ്ധതികൾ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്- 3-6-2017 ൽ കൂടിയ യോഗം പഞ്ചായത്തിന്റെ ധനകാര്യ സ്ഥിതി ചർച്ച ചെയ്തിട്ടുണ്ട്.

പൊതുമരാമത്ത് പ്രവൃത്തികളുടെ വൈദ്യുതിയും, ഊർജ്ജവും ഉൾപ്പെടെ യുള്ള വർക്കിംഗ് ഗ്രൂപ്പ് മിനുട്ടസ് പരിശോധിച്ചതിൽ 2017-18 കാലയളവിൽ ആറു തവണ യോഗം ചേർന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ യോഗങ്ങളിലെല്ലാം പദ്ധതി ആസൂത്രണ നിർവ്വഹണസംബന്ധിയായ ചർച്ചകളോ തീരുമാനങ്ങളോ എടുത്തതായി രേഖപ്പെടുത്തിയിട്ടില്ല. വികസന സ്റ്റാൻിംഗ് കമ്മറ്റി കൈകാര്യം ചെയ്യേണ്ടുന്ന വിഷയമേഖലയിൽ ഉൾപ്പെടുന്നതാണ്പൊതുമരാമത്ത്. ഗ്രാമപഞ്ചായത്തിൽ ഓരോപദ്ധതി വർഷത്തിലും പദ്ധതി തുകയുടെ ഭൂരിഭാഗവും ചെലവഴിക്കപ്പെടുന്ന മേഖലകൂടിയാണിത്. പൊതുമരാമത്ത് പ്രവൃത്തിസംബന്ധിച്ച് സ്റ്റാന്റിംഗ് കമ്മറ്റികളുടെ പ്രധാന ചുമതലകൾ ഇവയാണ്.

1. ആസ്തി രജിസ്റ്റർ, റോഡ് മാപ്പ് എന്നിവ തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

2.ആസ്തി രജിസ്റ്റർ കൃത്യമായ ഇടവേളകളിൽ പുതുക്കുന്നുവെന്ന് ഉറപ്പുവരുതത്തുക.

3. പഞ്ചായത്തിന്റെ പശ്ചാതല മേഖലയിൽ ഏറ്റെടുക്കേണ്ട വികസന പ്രവർത്തനങ്ങളെ കുറിച്ച്പഠനം നടത്തുക.

4. വികസന പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് വിദഗ്ധരെ കൊണ്ട് തയ്യാറാകുക.

5. സർക്കാർ നിർദ്ദേശങ്ങൾക്കും, ചട്ടങ്ങൾക്കും അനുസൃതമായിട്ടാണ് വികസന പ്രവർത്തനങ്ങൾ നടത്തപ്പെടുന്നതെന്നും, കോൺട്രാക്ട് /ടെണ്ടർ നടപടികളിലും ഗുണനിലവാരത്തിലും ഇവ പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തുക.

6. പ്രൊജക്ടുകളുടെ ഗുണനിലവാര പരിശോധന നടത്തുക.

7. സോഷ്യൽ ഓഡിറ്റ് നടത്തുക.

ഈ പ്രവർത്തനങ്ങളെല്ലാം എത്രത്തോളം നടപ്പാക്കിയിട്ടുണ്ട് എന്നത് വിലയിരുത്തുന്നത് പ്രധാനമായും ഇതു സംബന്ധിച്ച് വികസന സ്റ്റാൻിംഗ് കമ്മറ്റി മിനുട്സിലൂടെയാണ്. എന്നാൽ മേൽ പ്രവർത്തനങ്ങൾ സംബന്ധിച്ച കൃത്യമായ വിവരങ്ങളൊന്നും തന്നെ സ്റ്റാന്റിംഗ് കമമറ്റി മിനുട്സിൽ രേഖപ്പെടുത്തിയിട്ടില്ല. ക്രിയാത്മകമായ ചർച്ചകളോ തീരുമാനങ്ങളോ ഉണ്ടായിട്ടില്ല. 2017-18 ൽ അംഗീകാരം ലഭിച്ച 43 മരാമത്ത് പ്രൊജക്ടുകളിൽ 27 എണ്ണം മാത്രമാണ് തൻ വർഷം നിർവ്വഹിച്ചിട്ടുള്ളത്. അംഗീകാരം ലഭിച്ചതിൽ 16 പ്രൊജക്ടുകൾ നിർവ്വഹിക്കാൻ സാധികാത്തതിന്റെ സാഹചര്യങ്ങൾ വിലയിരുത്തിയതായി കാണുന്നില്ല. പ്രൊജക്ടുകളിലൊന്നിലും മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെട്ടിട്ടില്ല. നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ ടെണ്ടറുകൾ ഒന്നുപോലും മത്സരാധിഷ്ഠിതമല്ലായിരുന്നു, ഭൂരിഭാഗം പ്രവൃത്തികളും എസ്റ്റിമേറ്റ് നിരക്കിലാണ് നിർവ്വഹിച്ചിട്ടുള്ളത്. സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാകാൻ സാധികാത്തതിനാൽ കരാറുകാരനിൽ നിന്നും ഫൈൻ ഈടാക്കേണ്ടുന്നസാഹചര്യം ഉണ്ടായിട്ടുണ്ട്. ഈ വിധം സ്റ്റാന്റിംഗ് കമ്മറ്റിയുടെയും വർക്കിംഗ് ഗ്രൂപ്പിന്റെയും പ്രവർത്തനങ്ങൾ ആശാവഹമായി മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടില്ല എന്നാണ് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമമറ്റി മിനുട്സിൽ നിന്നും ബോധ്യമാവുന്നത്. നവകേരളത്തിന് ജനകീയാസൂത്രണം എന്ന ലക്ഷ്യവുമായി മുന്നേറുന്നപതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ തുടർ വർഷങ്ങളിലെ പ്രവർത്തനങ്ങൾ ഫലവത്താക്കുന്നതിന് സഹായകമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

വികസനരേഖ തയ്യാറാക്കൽ മാർഗ്ഗരേഖ 09-01-2017 ലെ ജി ഒ (എം എസ്) 10/2017 തസ്വഭവ ഉത്തരവിൽ നിഷ്കർഷിച്ച പ്രകാരം തയ്യാറാക്കിയിട്ടുണ്ട്.

ഗ്രാമ സഭ -പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾളുടെ പ്രധാന ഘടകമായ ഗ്രാമ സഭകൾ 14 വാർഡിലും തൻ വർഷം 4 യോഗങ്ങൾ കൂടിയിട്ടുണ്ട് (4/17- ,7/17- ,11/17- , 2/18 ) 4/17 ലാണ് ആസൂത്രണ ഗ്രാമ സഭ കൂടിയത് - ഈ ഗ്രാമസഭയിൽ പദ്ധതി നിർദ്ദേശങ്ങൾ ഉണ്ടായിട്ടുണ്ട്- ഗ്രാമ സഭകളിൽ ശരാശരി 10% നും 14% ഇടയിൽ ജനപ്രാതിനിധ്യം ഉണ്ടായിട്ടുണ്ട്-

വികസന സെമിനാർ -

29/4/2017 ന് ഏക ദിന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട് -സംസ്ഥാന ഗവൺമെന്റിന്റെ 4 മിഷൻ പദ്ധതിയുമായി ചേർത്തുവച്ചാണ് തൻവർഷത്തെ പദ്ധതിപ്രവർത്തനങ്ങളെന്ന് ഏക ദിന

സെമിനാറിൽ നിർദ്ദേശിച്ചിട്ടുണ്ട്-

വാർഷീക പദ്ധതി അംഗീകാരം -വാർഷീക പദ്ധതികൾ (2017-18) 31/3/2017ന് മുൻപ് അംഗീകാരം നേടി 1/4/2017 മുതൽ നിർവ്വഹണം ആരംഭിക്കണമെന്ന നിർദ്ദേശമുണ്ടങ്കിലും വാർഷിക പദ്ധതി അന്തിമമായി അംഗീകരിച്ചത് 6-5-2017നാണ് ( പഞ്ചായത്ത് ഭരണ സമിതി തീരുമാന നമ്പർ 50 /17(1)& 50/17(2) - ജില്ലാ ആസൂത്രണ സമിതിയുടെ 82/2017 /DPC/DPO /KNR/തീയതി 31-5-2017 പ്രകാരം വാർഷീക പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്- 27-2-2018 ൽ ജില്ലാ ആസൂത്രണ സമിതിയുടെ അന്തിമ അംഗീകാരവും ലഭിച്ചിട്ടുണ്ട്-

ജില്ലാ ആസൂത്രണ സമിതിയ്ക്ക് 122 പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്- അതിൽ അംഗീകരിച്ചത് 117 ആണ്- ഇതിൽ 2 എണ്ണത്തിന് വെറ്റിംഗ് ഓഫീസറുടെ അനുമതി ലഭിക്കാത്തതിനാൽ ആകെ 115 പ്രോജക്ടുകൾ മാത്രമാണ് ഈ വർഷം അംഗീകരിച്ചത്.

വികസന ഫണ്ട് -പട്ടികജാതി , മെയിന്റനൻസ് ഫണ്ട് (റോഡിതരം ) എന്നിവ 100 % നിർവ്വഹണം നടത്തിയിട്ടുണ്ട്

പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 8.4 ൽ പരാമർശിച്ച പ്രകാരമുള്ള നൂതന പ്രൊജക്ടുകൾ ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല.

## 1-14 ദുരിതാശ്വാസ നിധി

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനി യോഗവും) ചട്ടങ്ങൾ പ്രകാരം ഗ്രാമ പഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരി ച്ചിട്ടുണ്ട്. ദുരിതാശ്വാസ നിധി അക്കൗണ്ടിൽ (അക്കൗണ്ട് നം. 3279, കോട്ടയം സർവ്വീസ് സഹ.ബാങ്ക്) 31-03-2017ന് 42,592 രൂപയും 3-09-2018 ന് 49,000 രൂപയും നീക്കിയിരിപ്പുണ്ട്. 10-02-2017 ന് 5000 രൂപ അനുവദിച്ചതൊഴിച്ചാൽ പ്രസ്തുത നിധിയിൽ നിന്ന് യാതൊരു വിധ ചെലവും നടന്നിട്ടില്ല. മേൽ ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതിക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, അത്യാഹിതം, മാറാരോ ഗങ്ങൾ എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിനായി രൂപീകരിച്ച പ്രസ്തുത നിധി ഈ രീതിയിൽ നിഷ്ക്രിയമായി തുടരുന്നതുമായി ബന്ധപ്പെട്ട് മുൻ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടും പഞ്ചായത്ത് ആയത് ഗൗരവത്തിലെടുക്കുകയോ ക്രിയാത്മകമായ പ്രവർത്തനം നടത്തിയ തായോ കാണുന്നില്ല. ദുരിതാശ്വാസ നിധി സംബന്ധിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് വ്യാപകമായ പ്രചാരണം നൽകേണ്ടതും ചട്ടം 7 പ്രകാരം നിധിയിൽനിന്ന് ധനസഹാ യത്തിനായി അപേക്ഷിച്ചവരുടെയും ധനസഹായം ലഭിച്ചവരുടെയും നിധിയിലേക്ക് സംഭാവന നല്കിയവരുടെയും പേരുവിവരങ്ങളും തുകയും മറ്റു കണക്കുകളും രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കേണ്ടതും ടി വിവരങ്ങൾ യഥാസമയം ഓഫീസ് നോട്ടീസ് ബോർഡിൽ സെക്രട്ടറി പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത വിവരങ്ങൾ അതതുസംഗതിപോലെ ഗ്രാമസഭകളിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഇ-ടെണ്ടർ ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള ₹ 36100 രൂപ തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

2017-18 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾക്ക് ഇ.ടെണ്ടർ നടപടികൾ പൂർത്തിയാക്കിയത് കണ്ണൂർ ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ട് മുഖേനയാണ്. പ്രസ്തുത ടെണ്ടറുകൾക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കിയ ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ലഭ്യമായിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് നം | പ്രവൃത്തിയുടെ പേര് | | ടെണ്ടർ ഫി |
|---|---|---|---|---|
| 1 | 51/18 | കുവപാടി അംഗൻവാടി റോഡ് ടാറിംഗ് | | 4000 |
| 2 | 52/18 | കറാച്ചി വയൽ റോഡ് ടാറിംഗ് | | 1000 |
| 3 | 53/18 | ജി.എച്ച്.എസ്.എസ്.കോമ്പൗണ്ട് റോഡ് ടാറിംഗ് | | 2000 |
| 4 | 54/18 | ടി.കെ കുഞ്ഞിരാമൻ മാസ്റ്റർ റോഡ് ടാറിംഗ് | | 2200 |
| 5 | 72/18 | കുവപാടി അംഗൻവാടി റോഡ് ടാറിംഗ് | | 2600 |
| 6 | 75/18 | പുക്കോട് പുറക്കളം റോഡ് ടാറിംഗ് | | 5000 |
| 7 | 114/18 | മാലിന്യ സംഭരണകേന്ദ്ര നിർമ്മാണം | | 2500 |
| 8 | 117/18 | പുറക്കളം വയോജന വിശ്രമകേന്ദ്രനിർമ്മാണം | | 1800 |
| 9 | | National RURBAN Mission- Renovation work of class rooms of Govt.Higher Secondary School kottayam at kottayam | | 7500 |

| | | | |
|---|---|---|---|
| | | Gramapanchayath Malabar | |
| 10 | | National RURBAN Mission- Construction of Auditorium in Govt.Higher Secondary School Kottayam in Kottayam Grama Panchayath Malabar | 7500 |
| | | ആകെ | 36100 |

അസി. എഞ്ചിനിയർ ലഭ്യമാക്കിയ റിപ്പോർട്ടനുസരിച്ച് ടെണ്ടർ ഫീയിനത്തിൽ ₹ 36100 രൂപ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുണ്ട്. ഇ-ടെണ്ടർ സംവിധാനത്തിലൂടെ ടെണ്ടർ സ്വീകരിക്കാൻ തുടങ്ങിയ കാലയളവ് മുതൽ ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള ടെണ്ടർ ഫീയിനത്തിലെ തുക കണക്കാക്കി തിരികെ ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ഡി & ഒ ലൈസൻസ് -അപാകങ്ങൾ

2017-18വർഷത്തെ ഡി & ഒ ലൈസൻസ് രജിസ്റ്ററുകളും ഫയലും പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ കൊടുക്കുന്നു.

1 ഡി &ഒ ലൈസൻസ് അനുവദിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികു തി ഈടാക്കിയിട്ടില്ല.

2017-18 വർഷത്തെ ഡി &ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് അനുവദിച്ച ഒന്നിൽക്കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഡി & ഒ പെർമിഷൻ രജിസ്റ്റർ ക്രമ നമ്പർ | ഉടമയുടെ, സ്ഥാപനത്തിന്റെ പേര് | അപേക്ഷയിൽ രേഖപ്പെ ടുത്തിയ ജീവ നക്കാരുടെ എണ്ണം | ഒടുക്കിയ ലൈസൻസ് ഫീ/ തീയ്യതി |
|---|---|---|---|---|
| 1 | 42 | ശ്രീജ കെ, പീയെസ് ഇൻഡസ്ട്രീസ് | 3 | 100/-, 1105284/27-02-17 |
| 2 | 47 | യു സന്തോഷ്, വി കെ | 5 | 1000/-, |

| | | | | |
|---|---|---|---|---|
| | | വുഡ് ഇൻഡസ്ട്രീസ് | | 100001/01-04-17 |
| 3 | 54 | കെ വിജയൻ, വി സി ടെക്സ്റ്റൈൽസ് | 5 | 200/-, 100138/18-04-17 |
| 4 | 60 | ശ്രീജ ഇ, ഏഞ്ചൽ നിറ്റേഴ്സ് | 4 | 200/-, 100175/19-04-17 |
| 5 | 92 | കിഷോർ ഷേണായ്, ബി വസന്ത പൈ & കമ്പനി | 3 | 4000/-, 100500/17-05-17 |
| 6 | 130 | ശ്രീജ ഇ, ഏഞ്ചൽ നിറ്റേഴ്സ് | 9 | 500/-, 100884/21-06-17 |
| 7 | 162 | മുഹമ്മദ് സക്കരിയ്യ, സൂപ്പർമാർക്കറ്റ് | 5 | 500/-, 101389/05-08-17 |
| 8 | 177 | റഹീഷ് കെ പി, സെയിൻ-സെയിൻ | 5 | 4000/-, 53/8893 /19-07-17 |
| 9 | 205 | പ്രദീപ് എം,അറ്റയർ അപ്പാരൽസ് | 6 | 500/-, 102231/ 30-10-17 |
| 10 | 250 | സി പ്രകാശൻ, പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി, പാസ്കോ ഫർണിച്ചർ | 19 | |
| 11 | 335 | പി എം ഫൈസൽ ഗുരിക്കൾ, അരണ്യ വൈദ്യശാല | 3 | 500/-, 105619/12-03-18 |
| 12 | 336 | ദിലീഷ് വി, തുണി നിർമ്മാണം | 5 | 200/-, 105627/12-03-18 |
| 13 | 372 | സറീന ടി പി, സിമന്റ് വില്പന | 5 | 300/-, 105829/ 22-03-18 |

സെക്രട്ടറി നാളിതുവരെയായി മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിലെ തൊഴിലുടമകളോട് 1996ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 16 പ്രകാരം ജീവനക്കാരുടെ വരുമാനത്തെയോ, ശമ്പളത്തെയോ കുറിച്ചുള്ള വിവരങ്ങൾ ആവശ്യപ്പെട്ടു കയോ, ചട്ടം 17 പ്രകാരം നികുതി നിർണ്ണയിക്കുകയോ, ചട്ടം 18 പ്രകാരം ഡിമാൻറ് ചെയ്യുക യോ ചെയ്തിട്ടില്ല. പഞ്ചായത്ത് പരിധിയിലെ ഒന്നിൽക്കൂടുതൽ പേർ ജോലി ചെയ്യുന്ന മുഴുവൻ സ്ഥാപനങ്ങൾക്കും നോട്ടീസ് അയച്ച് തൊഴിൽനികുതി ഒടുക്കേണ്ടവർ ആയത് ഒടുക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്.

2. ടി വി ശ്രീവിദ്യ (ക്രമ നമ്പർ 281, ഡി.&ഒ. രജിസ്റ്റർ) എന്നവർ പുതിയ പാരാമെഡിക്കൽ സ്ഥാപനം രജിസ്റ്റർ ചെയ്യുന്നതിനും ഡി & ഒ ലൈസൻസിനുമായി 14-08-2017 ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. (കെട്ടിട നമ്പർ II 498) 08-09-2017 ന് അധിക രേഖകൾ ഹാജരാക്കുന്നതിന് അറിയിപ്പ് നൽകാൻ സെക്രട്ടറി നിർദ്ദേശിച്ചതനുസരിച്ച് അപേക്ഷകക്ക് കത്തയച്ചിട്ടുണ്ട്. തുടർനടപടി വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. എന്നാൽ 104435/19-01-2018 നമ്പർ രശീത് പ്രകാരം ടിയാരിക്ക് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. മതിയായ രേഖകളില്ലാതെയും സെക്രട്ടറിയുടെ അനുമതിയില്ലാതെയും ലൈസൻസ് അനുവദിച്ചതിന് കാരണം വിശദമാക്കാൻ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ടിയാരി പഞ്ചായത്ത് പരിധിയിൽ സ്ഥാപനം നടത്തിവരുന്നതിനാൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരാതിരിക്കാൻ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഈടാക്കിയിട്ടുണ്ടെങ്കിലും ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കാത്തതിനാൽ ഫയൽ നടപടിക്രമം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ ലൈസൻസ് അനുവദിച്ചിട്ടില്ല എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ലൈസൻസ് ലഭിക്കുന്നതിനായി ഫീ ഒടുക്കി അപേക്ഷ സമർപ്പിച്ച് 30 ദിവസത്തിനകം അപേക്ഷ തീർപ്പാക്കിയില്ലെങ്കിൽ അപേക്ഷക ലൈസൻസ് ലഭിച്ചതായി കണക്കാക്കി സ്ഥാപനം നടത്തുമെന്നിരിക്കെ അപേക്ഷകക്ക് ലൈസൻസില്ലാതെ പ്രവർത്തിക്കാൻ അനുമതി നൽകിയതിന് കാരണം വിശദമാക്കേണ്ടതാണ്.

3. ക്രമ നമ്പർ 281, ഡി.ഒ. രജിസ്റ്റർ - ഇളഞ്ചേരി രാജീവൻ - പേര് മാത്രം രേഖപ്പെടുത്തിയ അപേക്ഷയിൽ ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

4. ക്രമ നമ്പർ 277 മുതലുള്ള അപേക്ഷകൾ ഭാഗികമായി മാത്രമേ പൂരിപ്പിച്ചിട്ടുള്ളൂ. ഇതിൽ മിക്ക അപേക്ഷകളിലും വാർഡ് ക്ലാർക്കിന്റെ അന്വേഷണ റിപ്പോർട്ടും ആവശ്യമായ രേഖകളും സെക്രട്ടറിയുടെ അനുമതിയുമില്ലാതെയാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ആയതിന് അപാകം പരിഹരിക്കുന്നതാണ് എന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ 24/18, തീയ്യതി 13.09.2018)

5. സെക്രട്ടറിയുടെ അനുമതിയില്ലാതെ ലൈസൻസ് അനുവദിക്കുകയും (പുതിയ ലൈസൻസ് ഉൾപ്പെടെ) നിലവിലുള്ള ലൈസൻസ് റദ്ദ് ചെയ്യുകയും ചെയ്യുന്നു.

ഉദാ : a) പി പ്രേംശാന്ത് (III 499A), പുതിയ മെഡിക്കൽ ലാബ് തുടങ്ങുന്നതിനുള്ള അപേക്ഷ – 105696/15-03-2018 നമ്പർ രശീത് പ്രകാരം 300/- രൂപ ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

b) സലാം കെ, മത്സ്യ വില്പന തുടങ്ങാനുള്ള പുതിയ അപേക്ഷ - 105761/20-03-2018 നമ്പർ രശീത് പ്രകാരം 200/- രൂപ ഫീസ് ഈടാക്കി ലൈസൻസ് അനുവദിച്ചിട്ടുണ്ട്.

c) ക്രമ നമ്പർ 370- സാലു പി, ഇലക്ട്രിക് സാധനങ്ങൾ വില്പന (B2-1225/18), ക്രമ നമ്പർ 370 – കെ സി മുഹമ്മദ്, അനാദിക്കട (B2-1245/18) – ലൈസൻസ് റദ്ദ് ചെയ്യാൻ നൽകിയ അപേക്ഷയിൽ വാർഡ് ക്ലാർക്ക് അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കിയതല്ലാതെ സെക്രട്ടറി അനുമതി നൽകിയതായി കാണുന്നില്ല. എന്നാൽ യഥാക്രമം 105823/22-03-2018 നമ്പർ രശീതി പ്രകാരം 200/- രൂപയും 105817/22-03-2018 നമ്പർ രശീതി പ്രകാരം 100/- രൂപയും ലൈസൻസ് ഫീ ഈടാക്കി പെർമിഷൻ രജിസ്റ്ററിൽ ലൈസൻസ് റദ്ദ് ചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ട് .

അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നമ്പർ 24/18, തീ. 13.9.18)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരാമത്ത് പ്രവൃത്തികൾ -അവലോകനം

ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന പദ്ധതി വിഹിതത്തിന്റെ സിംഹഭാഗവും ചെലവഴിക്കുന്ന മേഖലയാണ് പൊതുമരാമത്ത്. ആസ്തികൾ സൃഷ്ടിക്കുന്നതിനും, പരിപാലിക്കുന്നതിനുമാണ് അനുവദിക്കുന്ന ഫണ്ടുകൾ ചെലവഴിക്കപ്പെടുന്നത്. 2017-18 വർഷത്തിൽ 43 മരാമത്ത് പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും അതിൽ 27 പ്രൊജക്ടുകൾ മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. വിവിധ മേഖലയിലുള്ള 16 പ്രൊജക്ടുകൾ നടപ്പാക്കിയിട്ടില്ല. പദ്ധതി അടങ്കലായി ₹ 1,55,51,541 രൂപ കണക്കാക്കിയിരുന്നെങ്കിലും അതിൽ ₹ 90,60,898 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഓരോ മേഖലയിലുമുള്ള വകയിരുത്തലും ചെലവും ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|
| 1 | പൊതുവിഭാഗം | 14,46,554 | 8,38,804 |
| 2 | എസ്.സി.പി | 1,38,000 | 1,11,926 |
| 3 | ടി. എസ്.പി | ----- | ------- |
| 4 | ധനകാര്യ കമ്മീഷൻ | 51,86,716 | 36,07,786 |

| | | | |
|---|---|---|---|
| 5 | ലോക ബാങ്ക് സഹായം | 9,11,035 | 9,11,006 |
| 6 | സംസ്ഥാനാവിഷ്കൃതം | 11,00,000 | -------- |
| 7 | തനത് ഫണ്ട് | 8,45,667 | 1,34,585 |
| 8 | ജില്ലാപഞ്ചായത്ത് വിഹിതം | 5,00,000 | ------ |
| 9 | എം. ജി (റോഡ്) | 37,85,207 | 26,37,301 |
| 10 | എം.ജി (റോഡിതരം) | 16,38,362 | 8,19,490 |
| | ആകെ | 1,55,51,541 | 90,60,898 |

അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ പൂർണ്ണമായും നടപ്പാക്കാൻ സാധിച്ചിട്ടില്ല. വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിക്കാനും സാധിച്ചിട്ടില്ല. പൊതു വിഭാഗം ഫണ്ടിനത്തിൽ ,₹ 6,07,750 രൂപയും, ധനകാര്യ കമ്മീഷൻ ഗ്രാന്റിനത്തിൽ ₹15,78,930 രൂപയും , മെയ്ന്റനൻസ് ഫണ്ട് റോഡിനത്തിൽ ₹ 11,47,906 രൂപയും, റോഡിതരഫണ്ടിനത്തിൽ ₹ 8,18,872 രൂപയുടെയും പ്രൊജക്ടുകൾ നടപ്പാക്കാൻ സാധിച്ചിട്ടില്ല. നടപ്പാക്കാൻ സാധിക്കാത്ത പ്രൊജക്ടുകൾ 2018-19 ൽ സ്പിൽ ഓവർ പ്രൊജക്ടായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളത്. തനത് ഫണ്ട് വളരെ കുറവായതിനാലാണ് തനത് ഫണ്ട് വകയിരുത്തിയ പ്രൊജക്ടുകൾ പൂർണ്ണമായും നടപ്പാക്കാൻ സാധിക്കാതിരുന്നത് എന്നും വിശദീകരിക്കുകയുണ്ടായി. പ്രൊജക്ട് അംഗീകാരം ലഭിക്കുന്നമുറയ്ക്ക് സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള മുന്നൊരുക്കങ്ങൾ നടത്തേണ്ടതാണ്. നിർവ്വഹണത്തിൽ ഉണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ വർക്കിംഗ് ഗ്രൂപ്പിൽ നിന്നും, വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ നിന്നും ഉണ്ടാവേണ്ടതുമാണ് എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.

## 3-2 കരാറുകാരനിൽനിന്നും ടെണ്ടർ കുറവ് ഈടാക്കി ഒടുക്കേണ്ടതാണ്

പ്രൊജക്റ്റ് നം. 132/17 ( 68 /18)

കപ്പാറ അംഗനവാടി പൂർത്തീകരണം

എസ്റ്റിമേറ്റ് തുക-2.70,000

ഫണ്ടിനം - ലോക ബാങ്ക് ധനസഹായം - ₹ 9951

എം.ജി ( റോഡിതരം) - ₹ 2,38,082

ബിൽ നം. 1/17-18 തീയതി, 01-01-2018

എം, ബുക്ക് നം. 150/16-17, 51/16-17

കരാറുകാരൻ -ശ്രീ. മനോജ് .കെ, ദേവരാഗം, വടക്കുമ്പാട്

ടെണ്ടർ നിരക്ക്- 0.5% കുറവ്

എഗ്രിമെന്റ് നം. 29/16-17 തീയതി, 25-02-2017

2016-17 ൽ ടെണ്ടർ ചെയ്ത ഈ പ്രവൃത്തിക്ക് (ടെണ്ടർ രജിസ്റ്റർ പേജ് നം 13 ) രണ്ട് കരാറുകാരാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. ശ്രീ. മനോജ്. കെ, ദേവരാഗം, വടക്കുമ്പാട് എന്നവർ എസ്റ്റിമേറ്റ് തുകയുടെ 0.5% കുറവിലും, ശ്രീ.എം. കെ. ബൈജു, ദേവർകാട്, മട്ടന്നൂർ എന്നവർ എസ്റ്റിമേറ്റ് തുകയിലുമാണ് ടെണ്ടർ സമർപ്പിച്ചിട്ടുള്ളത്. 0.5% കുറവ് രേഖപ്പെടുത്തിയ ശ്രീ. എം.കെ. ബൈജുവിന്റെ ടെണ്ടറാണ് അംഗീകരിച്ചിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ ടെണ്ടർ കുറവ് ഈടാക്കാതെയാണ് ഫൈനൽ ബിൽ പ്രകാരം കരാറുകാരന് തുക അനുവദിച്ചിട്ടുള്ളത്.

ടെണ്ടർ കുറവായ ₹ 1240 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

## 3-3 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയില്ല

പതിമൂന്നാം പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി 2017-18തയ്യാറാക്കുന്നത് സംബന്ധിച്ച മാർഗ്ഗരേഖ ( ജി.ഒ. (എം.എസ്) നം. 72/2017 /തസ്വഭവ. തിരുവനന്തപുരം, തീയതി: 29-03-2017) ഖണ്ഡിക. 12-10 ൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള പ്ലാൻ തയ്യാറാക്കിയിട്ടില്ല. മരാമത്ത്പ്രവൃത്തികളുടെ പ്രൊജക്റ്റ് തയ്യാറാക്കുന്നതിന് പ്രസ്തുത നിർദ്ദേശപ്രകാരമുള്ള റോഡ് കണക്ടിവിറ്റി പദ്ധതി അത്യാവശ്യമാണ്.പുതുതായി നിർമ്മിക്കേണ്ടതും, പരിഷ്കരിക്കേണ്ടതുമായ റോഡുകളെ കണ്ടെത്തി അവയ്ക്ക് അനുസൃതമായ രീതിയിൽ പ്രോജക്ടുകൾ തയ്യാറാക്കണം. വാർഡ് അടിസ്ഥാനത്തിലല്ലാതെ തദ്ദേശഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി വിഭാവനം ചെയ്തുകൊണ്ടുള്ള വികസന സമീപനമാണ് സ്വീകരിക്കേണ്ടത്. എന്നാൽ ഇതിനു വിഭിന്നമായിറോഡുകളെ ചെറിയ ചെറിയ ചെയ്നേജിലുള്ള പ്രൊജക്ടുകളയാണ് ഭൂരിഭാഗവുംനിർവ്വഹിച്ചിട്ടുള്ളത്. ഓരോ റോഡിന്റെയും മുഴുവൻ നീളത്തിനാണ് പ്രൊജക്റ്റ് ഉണ്ടാക്കേണ്ടത്. ഇങ്ങിനെ ചെയ്യാത്തതുമൂലം ഒരു റോഡിന്റെ പ്രവൃത്തി പൂർത്തിയാകാൻ വർഷങ്ങൾ വേണ്ടിവരുന്ന സാഹചര്യം ഉണ്ടാവുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ കീഴിലുള്ള റോഡുകളുടെ പരിപാലനം പ്രസ്തുത സ്ഥാപനങ്ങളുടെ ചുമതലയാണ്.കൃത്യമായ റോഡ് കണക്ടിവിറ്റി പ്ലാൻ തയ്യാറാകാത്ത പക്ഷം ഗ്രാമപഞ്ചായത്ത് പരിധിയിലെ റോഡുകളുമായി നിർവ്വഹണ ഘട്ടത്തിൽ ഇരട്ടിപ്പ് വരുവാനുള്ള സാഹചര്യങ്ങൾ ഉണ്ടാവാം ഇതൊക്കെ പരിഹരിക്കുന്നതിനായി സ്റ്റാറ്റസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കുന്നതിനും കുറഞ്ഞ ചെയ്നേജിൽ വാർഡ് അടിസ്ഥാനത്തിൽ റോഡ് പദ്ധതികൾ ഏറ്റെടുക്കുന്നതിന് പകരം മുൻഗണനടിസ്ഥാനത്തിൽ പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മരാമത്ത് പ്രൊജക്ടുകൾ നടപ്പാക്കുന്നതിനും

ശ്രദ്ധിക്കേണ്ടതാണ്

## 3-4 മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2017-18 വർഷത്തിൽ നടപ്പാക്കിയ താഴെപറയുന്ന മരാമത്ത് പ്രവൃത്തികൾ എഗ്രിമെന്റ് കാലയളവിൽ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. എഗ്രിമെന്റ് കാലാവധിക്കുള്ളിൽ പൂർത്തിയാക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തികളിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം, പേര് | കരാറുകാരന്റെ പേര് | ഫൈൻ തുക |
|---|---|---|---|
| 1 | 60 /18, പൈക്കാട് പാറാൽ റോഡ് പാച്ച് വർക്ക് | ഷിജിൻ .എൻ.കെ | 2490 |
| 2 | 64 /18, പൂള ബസാർ പൊട്ടൻ പാററോഡ് പുനരുദ്ധാരണം | റീജിൻ. എം.എം | 6690 |
| 3 | 67 /18 വെള്ളപന്തൽ ടി.കെ നഗർ റോഡ് | ഷിജിൻ .എൻ.കെ | 16983 |
| 4 | 63 /18 കോട്ടക്കുന്ന് കോമത്ത് പാച്ചസ് റോഡ് പാച്ച് വർക്ക് | വി.ഭാസ്കരൻ | 3000 |
| 5 | 61 /18, മൗവ്വേരി വെള്ള പന്തൽ റോഡ് പാച്ച് വർക്ക് | വി.ഭാസ്കരൻ | 974 |
| 6 | 68 /18 , കപ്പാറ അംഗൻവാടി പൂർത്തീകരണം | മനോജ്. | 2481 |
| 7 | 70 /18 , കിണവക്കൽ കയനാടം കോട്ടയം എച്ച്.എസ്.എസ് റോഡ് പാച്ച് വർക്ക് | പ്രമോദൻ .കെ.സി | 1998 |
| 8 | 66/18, പി.എച്ച്.സി. ഒന്നാം നില നിർമ്മാണം. | മനോജ് കുമാർ.കെ | 45859 |

മേൽ പ്രവൃത്തികൾ കരാറെടുത്ത കരാറുകാരൻ ആരും തന്നെ പ്രവൃത്തി സമയം ദീർഘിപ്പിച്ച് നൽകുവാൻ അപേക്ഷ നൽകിയിട്ടില്ല. മുൻകൂട്ടി കാണാൻ കഴിയാത്ത കാരണത്താൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ ഒറിജിനൽ പ്രവൃത്തി സമയത്തിന്റെ 50% സമയംകൂടി പിഴയോടുകൂടി അനുവദിക്കാം എന്ന നിബന്ധനയെ അടിസ്ഥാനമാക്കിയാണ് മേൽ പ്രവൃത്തികളിൽ നിന്നെല്ലാം പിഴ ഈടാക്കിയിട്ടുള്ളത്. എന്നാൽ പ്രൊജക്ട് നംബർ 67 /18 വെള്ള പന്തൽ ടി.കെ.നഗർ റോഡ് ടാറിംഗ് എന്ന പ്രവൃത്തി പൂർത്തിയാക്കുന്നതിന് കരാറിൽ നിർദ്ദേശിച്ച സമയപരിധിയുടെ ഇരട്ടി സമയം കഴിഞ്ഞാണ് പ്രവൃത്തി പൂർത്തിയാക്കിയത്. മേൽ പ്രവൃത്തിക്ക് എഗ്രിമെന്റ് വെച്ച് സൈറ്റ് കൈമാറിയത്

16-1-2017 നും പ്രവൃത്തി പൂർത്തിയാക്കേണ്ടത് 17-3-2017 തീയതയിലുമാണ്. എന്നാൽ പ്രവൃത്തി പൂർത്തിയായത് 26-5-2017 തീയതിയാലാണ്. ഇതു പ്രകാരം പ്രവൃത്തിയുടെ നിർവ്വഹണത്തിനനുവദിച്ചത് 61 ദിവസവും പ്രവൃത്തി പൂർത്തിയാക്കാനുള്ള കാലതാമസം 71 ദിവസവുമാണ്. എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം പരമാവധി അധികമായി അനുവദിക്കാവുന്നത് ഒറിജിനൽ പ്രവൃത്തി സമയത്തിന്റെ 50% അധികം സമയമാണ്. എന്നാൽ എഗ്രിമെന്റ് ചെയ്ത കാലയളവിന്റെ 100% കഴിഞ്ഞാണ് പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. പരമാവധി ഈടാക്കേണ്ടുന്ന 2% പിഴ ഈടാക്കിയിട്ടുണ്ട്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ( ജി.ഒ.(പി) 13 /2012/PWD dt 01-02-2012) ഖണ്ഡിക – 2112-1 ൽ " കരാറുടമ്പടിയിൽ വ്യവസ്ഥ ചെയ്ത സമയത്തിൽ തന്നെ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണെന്നും. എന്നാൽ പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗീകമായോ കരാറുകാരന്റെ പിഴവുമൂലം ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ പിഴ ഈടാക്കി ദീർഘിപ്പിക്കാമെന്നും. നിർദ്ദേശിച്ചിട്ടുണ്ട്. ഒറിജിനൽ പൂർത്തീകരണ കാലാവധികകം ദീർഘിപ്പിക്കാൻ അസി.എഞ്ചിനീയർ മുഖേന അപേക്ഷികാത്ത പക്ഷം കരാർ ദുർബലപ്പെടുത്താവുന്നതാണെന്ന് പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. എന്നാൽ പിഴ ഈടാക്കിയ മേൽ പ്രവൃത്തികളുടെ ഫയലുകളിലൊന്നിലും കരാറുകാരൻ കാലാവധി ദീർഘിപ്പിക്കാൻ അപേക്ഷിച്ചതായോ ദീർഘീകരണം അനുവദിച്ചതായോ ഉള്ള രേഖകൾ ഉള്ളടക്കം ചെയ്തിട്ടില്ല. മേൽ നടപടി ക്രമപ്രകാരമല്ല. മരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ദീർഘീകരണം അനുവദിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ കരാറുകാരന്റെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അധികൃതരുടെ നിയമാനുസൃത അനുമതിയോടെമാത്രം ദീർഘീകരണം അനുവദിക്കുന്നതിനും, സ്വീകരിച്ച നടപടികളുടെ രേഖകൾ ബന്ധപ്പെട്ട ഫയലിൽ ഉള്ളടക്കം ചെയ്യുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-5 റോഡ് ടാറിംഗ് പ്രവൃത്തികളിൽ പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുന്നില്ല

ചീഫ് എഞ്ചിനിയറുടെ ഡി.ബി.3/4620/12 സി.ഇ, ത.സ്വ.ഭ.വ തീയതി, 18-5-2016 സർക്കുലർ നിർദ്ദേശപ്രകാരവും , സ.ഉ ( സാധാ) നം.3119/2016 ത.സ്വഭ.വ തീയതി, 17-11-16 ഉത്തരവിലെ നിർദ്ദേശപ്രകാരവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പ്ലാൻഫണ്ട്, മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്ന റോഡ് പ്രവൃത്തികൾക്കുള്ള ആകെ വാർഷിക പദ്ധതി അടങ്കൽ തുകയുടെ 10% മാറ്റിവെച്ച് ഷ്രഡഡ് പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തി റോഡുകൾ ടാർചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 10/17-18 തീ. 5.9.18) ലഭ്യമാക്കിയ മറുപടിയിൽ ഇത്തരത്തിൽ റോഡ് ടാറിംഗ് പ്രവൃത്തികളിൽ പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുവാൻ സാധിച്ചിട്ടില്ല എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനീയർ അറിയിച്ചിട്ടുള്ളത്. അനുദിനം വർദ്ധിച്ചുവരുന്ന പ്ലാസ്റ്റിക്ക് വേസ്റ്റിന്റെ ഫലപ്രദമായ പുനരുപയോഗം കൂടി ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നതിനാൽ ഭാവിയിലെ റോഡ് ടാറിംഗ് പ്രവൃത്തികളിൽ പ്ലാസ്റ്റിക്ക് ഉപയോഗപ്പെടുത്തുവാൻ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 3-6 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

2005 ൽ ഇന്ത്യൻ പാർലമെന്റ് പാസാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി നിയമത്തിന്റെ അടിസ്ഥാനത്തിൽ 2008 മുതൽ ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതി നടപ്പാക്കിവരുന്നു. രജിസ്ട്രേഷൻ, തൊഴിൽ കാർഡ് വിതരണം, തൊഴിലിനുള്ള അപേക്ഷ സ്വീകരിക്കൽ, തൊഴിൽനല്കൽ വേതന വിതരണം മുതലായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. 2017-18 വർഷത്തിൽ വാർഷിക പദ്ധതി-ലേബർ ബഡ്ജറ്റ് തയ്യാറാക്കിയിട്ടുണ്ട് വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | നിർദ്ദേശിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | ശതമാനം |
|---|---|---|---|
| 2017-18 | 236 | 215 | 91.1 |

<u>തൊഴിലുറപ്പ് പദ്ധതി ജനപങ്കാളിത്തം സംബന്ധിച്ച വിവരം</u>

തൊഴിൽ ആവശ്യപ്പെട്ട 768 കുടുംബങ്ങൾക്കും തൊഴിൽ നല്കിയിട്ടുണ്ട്. എന്നാൽ 56 കുടുംബങ്ങൾക്ക് മാത്രമേ 100 തൊഴിൽ ദിനം നല്കാൻ കഴിഞ്ഞിട്ടുള്ളു. തൊഴിലുറപ്പ് പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം തൊഴിൽകാർഡ് ഉള്ളവർക്കെല്ലാം പരരമാവധി തൊഴിൽ ലഭ്യമാക്കുക എന്നാണ് ഈ ലക്ഷ്യം കൈവരിക്കുന്നതിനായി വാർഷിക ലേബർ ബഡ്ജറ്റിൽ ഉൾപ്പെട്ട മുഴുവൻ പ്രവൃത്തികളും നടപ്പാക്കാൻ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

<u>വാർഷീക റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടില്ല</u>

സ.ഉ. നംബർ/ 12329/ഡി.ഡി.2/2012/ ത.സ്വ.ഭ.വ തീയതി 9-4-2012 ഉത്തരവിൽ നിർദ്ദേശിച്ച വിധം ഗ്രാമപഞ്ചായത്തുകൾ തൊഴിലുറപ്പ് പദ്ധതിയുടെ വരവ്-ചെലവ് കണക്കുകൾ വർഷത്തിൽ രണ്ടു തവണ പൊതുജനങ്ങളുടെ അറിവിലേക്കായി പ്രസിദ്ധികരിക്കേണ്ടതാണ്. കൂടാതെ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് തലത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തമാക്കുന്ന മുൻവർഷത്തെ വാർഷിക റിപ്പോർട്ടും പ്രസിദ്ധീകരിക്കേണ്ടതാണ്.എന്നാൽ ഈപ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടില്ല.തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടില്ല. പരാതി പരിഹാര സംവിധാനം എന്ന നിലയിൽ ആഴ്ചയിൽ ഒരുദിവസം തൊഴിലുറപ്പ് ദിനമായി ആചരിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഉല്പാദനമേഖലയിലെ പ്രൊജക്ടുകളുമായി ചേർന്ന് 273 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. വനംവകുപ്പുമായി സംയോജിപ്പിച്ച് ഹരിത കേരള പദ്ധതിയിൽ വൃക്ഷതൈകൾ നടുന്നപ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഈയിനത്തിൽ 56 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ എകോപനത്തിനായി വാർഡ്തലത്തിൽ ഏകോപനസമിതി രൂപികരിച്ചിട്ടില്ല. നിലവിൽ തൊഴിൽ കൂലി ഇ.എഫ്.എം.എസ് രീതിയിൽ തൊഴിലാളികളുടെ അകൌണ്ടിൽ നൽകുകയാണ്ചെയ്തുവരുന്നത്. വേതനവിതരണത്തിൽ കാലതാമസമൊന്നും ഉണ്ടായിട്ടില്ലന്നാണ് ഓഡിറ്റ് മുൻപാകെ അറിയിച്ചിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി തൊഴുത്തു നിർമ്മാണം, റോഡ് നിർമ്മാണം തുടങ്ങിയ ആസ്തി നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്, ഈയിനത്തിൽ വിദഗ്ദ തൊഴിൽ ദിനങ്ങളും 148 അവിദഗ്ദ തൊഴിൽ ദിനങ്ങളുംസൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യമായ പരാവധിതൊഴിലും, കൂലിയും തൊഴിലിനായി രജിസ്റ്റർ ചെയ്യുതും,

ആവശ്യപ്പെട്ടതുമായ എല്ലാവർക്കും ലഭിക്കുന്നവിധത്തിലുള്ള പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടതാണ്.

## 3-7 ഐ.സി. ഡി.എസ് സൂപ്രവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ട് നടത്തിപ്പും, വികസന കാര്യ സ്റ്റാൻറ്റിംഗ് കമ്മറ്റിയും.

2017-18 കാലയളവിൽ ഐ.സി.ഡി.എസ്. സൂപ്രവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ടുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താകളുടെ വിവരങ്ങൾ | അടങ്കൽ |
|---|---|---|---|---|
| 102/17-18 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 3.16.600 (പദ്ധതി വിഹിതം) 1,19,600 (ബ്ലോക്ക് വിഹിതം) 1,19,600 (ജില്ലാ പഞ്ചായത്ത്) | 41 | 5,55,800 |
| 103 /17-18 | പോഷകാഹാര പരിപാടി | 18.91,863 (പദ്ധതി വിഹിതം) 4,00,000 (കേന്ദ്ര വിഹിതം) 31,483 (തനത് ഫണ്ട്) | ഗ്രാമപഞ്ചായത്തിലെ 19 അംഗൻവാടികളിലെയും കുട്ടികൾ | 23,23,346 |

| | | | | |
|---|---|---|---|---|
| 104 /17-18 | അംഗൻവാടി പ്രവർത്തകർക്ക് ഹോണറേറിയം | 6,07,600 (പദ്ധതി വിഹിതം) | 19 അംഗൻ വാടികളിലെയും വർക്കർ, ഹെൽപ്പർ | 6,07,600 |
| 105 /17-18 | ശിശുമന്ദിര പോഷകാഹാരം | 32,798 (പദ്ധതി വിഹിതം) | 27 കുട്ടികൾ | 32,798 |
| 106 /17-18 | I.C.D.S ഓഫീസ് ഫർണിച്ചർ | 16,245 (പദ്ധതി വിഹിതം) | ഐ.സി.ഡി.എസ് ഓഫീസ്. | 16,245 |

മേൽ പ്രൊജക്ടുകളെല്ലാം നിർവ്വഹിച്ചിട്ടുണ്ട്. നടപ്പാക്കിയ പ്രൊജക്ടിൽ ഏറ്റവും കൂടുതൽ ചെലവഴിച്ചത് അംഗൻവാടി പോഷകാഹാരത്തിനാണ്. 19 അംഗൻവാടികൾക്കായാണ് പോഷകാഹാര വിതരണം നടത്തിയിട്ടുള്ളത്. പോഷകാഹാരത്തിനുപുറമെ ആവശ്യമായ മറ്റു ഭക്ഷ്യ വസ്തുക്കൾ മാവേലി സ്റ്റോർ വഴിയാണ് വാങ്ങി വിതരണം ചെയ്തിട്ടുള്ളത് ഇത് ശ്ലാഘനീയമായ നടപടിയാണ്. എന്നാൽ വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുകളുടെ ഗുണനിലവാര പരിശോധന കൃത്യമായി നടത്തുന്നതിനും സർക്കാർ നിശ്ചയിച്ച അളവിലും തൂക്കത്തിലും വിതരണം ചെയ്യുന്ന എന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

ശാരിരീക മാനസിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താകൾക്ക് സർക്കാർ നിശ്ചയിച്ച നിരക്കിൽ ബ്ലോക്ക്, ജില്ലാപഞ്ചായത്ത് വിഹിതം കൂടി ഉൾപ്പെടുത്തി സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്.ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ശിശുമന്ദിരത്തിലെ കുട്ടികൾക്കും പോഷകാഹാര വിതരണ പരിപാടി നടപ്പാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ 19 അംഗൻവാടികളാണുള്ളത്. അംഗൻവാടികളുടെ പ്രവർത്തനങ്ങൾ കൃത്യമായി പരിശോധിക്കേണ്ടതും, മോണിറ്റർ ചെയ്യേണ്ടതും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ചുമതലയാണ്. അംഗൻവാടികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ക്ഷേമകാര്യ സ്റ്റാൻിംഗ് കമ്മറ്റിയുടെ പ്രധാന ചുമതലകൾ ചുവടെ കൊടുക്കുന്നു.

1. പുതുതായി അംഗൻവാടികൾ ആരംഭിക്കൽ സംബന്ധിച്ച് ഭൂമി കണ്ടെത്തലും, ഫണ്ട് സ്വരൂപിക്കലും, അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തലും, പഠന മാനദണ്ഡങ്ങളും പഠനോപാധികളും ക്രമീകരിക്കലും

2. പരിശോധനാ കമമറ്റികൾ രൂപീകരിക്കൽ

3. അംഗൻവാടികളുടെ പുരോഗതി വിലയിരുത്തൽ

4. അടിസ്ഥാന സൗകര്യങ്ങളുടെ ഗുണമേന്മയുടെ പരിശോധന

5. കുട്ടികൾക്കുള്ള അനുപൂരക പോഷക ആഹാരവസ്തുകളുടെകൃത്യമായ ലഭ്യത ഉറപ്പാക്കൽ

6.അംഗൻവാടികളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായ ഇടവേളകളിൽ പരിശോധിക്കുക

7. കൗമാരകാരായ പെൺകുട്ടികൾ /ഗർഭിണികളായ സ്ത്രീകൾ / മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കായി നടപ്പാക്കുന്ന പദ്ധതികളുടെ ഏകോപനം.

ക്ഷേമകാര്യസ്റ്റാൻിംഗ് കമ്മറ്റിയുടെ അംഗൻവാടികളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മേൽപ്രസ്താവിച്ച പ്രവർത്തനങ്ങൾ എത്രമാത്രം ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ട് എന്നത് വിലയിരുത്തുന്ന രേഖ ക്ഷേമകാര്യ സ്റ്റാൻിംഗ് കമ്മറ്റി മിനുട്ട്സാണ്. എന്നാൽ അംഗൻവാടികളെ സംബന്ധിച്ച പൊതുവായ പ്രൊജക്ട് നിർദ്ദേശങ്ങൾ സംബന്ധിച്ച പരാമർശമല്ലാതെ സമഗ്രമായ വിലയിരുത്തലൊന്നും തന്നെ മിനുട്ട്സിൽ പരാമർശിച്ചിട്ടില്ല. ആകെയുള്ള 19 അംഗൻവാടികളിൽ 14 എണ്ണത്തിനുമാത്രമേ സ്വന്തമായ കെട്ടിടമുള്ളൂ. 3 അംഗൻവാടികൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സാംസ്കാരിക കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്നു. 1 അംഗൻവാടി ( സെൻറർ നം. 95) സ്വകാര്യ വ്യക്തിയുടെ വീട്ടിലാണ് പ്രവർത്തിക്കുന്നത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്. സ്വന്തമായി കെട്ടിടമില്ലാത്ത മുഴുവൻ അംഗൻവാടികൾക്കും കെട്ടിടം നിർമ്മിക്കേണ്ടുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടത് ക്ഷേമ കാര്യസ്റ്റാൻിംഗ് കമ്മറ്റിയുടെ ചുമതലയാണ്. മേൽ വിഷയങ്ങളിൽ ക്രിയാത്മകമായ ഇടപെടൽസ്റ്റാൻിംഗ് കമ്മറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാവേണ്ടതാണ്. കൃത്യമായ ഇടവേളകളിൽ അംഗൻവാടികൾ പരിശോധന നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. കുട്ടികളുടെ ഹാജർ, ഭക്ഷ്യവസ്തുകളുടെ ഗുണമേന്മ, അളവ് എന്നിവ പിശോധനാ വിധേയമാക്കണം. അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനം, നൂതനമായപദ്ധതികളുടെ ആവിഷ്കാരം എന്നിവയെല്ലാം ക്ഷേമകാര്യ സ്റ്റാൻിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ശ്യമപ്രസാദ് മുഖർജി (റർബൻ മിഷൻ) പദ്ധതിയിൽ നടപ്പാക്കിയ പദ്ധതികൾ

കേന്ദ്ര സർക്കാറിന്റെ ഗ്രാമീണ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ ഗ്രാമങ്ങളെ സ്വയം പര്യാപ്ത മേഖലയായി മാറ്റാൻ ഉദ്ദേശിച്ചുകൊണ്ട് തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കുന്ന പദ്ധതിയാണ് ശ്യമപ്രസാദ് മുഖർജി റർബൻ മിഷൻ പദ്ധതി. ഒന്നിൽ കൂടുതൽ ഗ്രാമപഞ്ചായത്തുകൾ കൂട്ടിചേർത്ത് ക്ലസ്റ്ററുകളായാണ് ഈ പദ്ധതിയിൽ സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുന്നത്. കണ്ണൂർ ജില്ലയിൽ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചത് കോട്ടയം, മാങ്ങാട്ടിടം ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ട ക്ലസ്റ്ററാണ്. റർബൻ മിഷനിൽ ഗ്രാമീണ മേഖലയിൽ നടപ്പാക്കേണ്ടുന്ന മേഖലകൾ സംബന്ധിച്ച പ്രൊജക്ട് റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇവ പ്രധാനമായും ചുവടെ പരാമർശിക്കുന്നതാണ്.

1. Skill Development Training Linked to Economic activities

2. Agri services and processing

3.Digital amenities and Literacy

4.Piped Water supply

5.Sanitation

6.Solid and Liquid waste management

7.Health

8.Access to village streets wth drain

9.Village street light

10.Upgradation of primary, secondary and higher secondaryschool

11. Inter Village road cannectivity

12 . Public Transport

13.L.P.G Gas cannection

14.Cityzen service centre

15.Anganwadies

16. Rehabilitation of differently abled.

17.Sc /st Development

18.Food security

19.Upgradation of Houses

20.Geriatric care

21.Banking /insurance

22.water conservation

23.Irrigation

24.Electrification

25.plyground swmming pool facility

26.Production of Bio vegitables

27.Enviornment

28.Rural Market

29.Literacy.

മേൽ പരാമർശിച്ച മേഖലകളിലെല്ലാം പ്രൊജക്ടുകൾ നടപ്പാക്കുന്നതിനാണ് പ്രൊജക്ടിൽ വിഭാവനം ചെയ്തിട്ടുള്ളത്. കോട്ടയം ഗ്രാമപഞ്ചായത്തിൽ റർബൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 2017-18 ൽ ആകെ ₹ 70,83,025 രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ 69,07,588 രൂപയുടെ പ്രൊജക്ടുകൾ നടപ്പാക്കിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ | വൗച്ചർ നം. | നടപ്പാക്കിയ പ്രൊജക്ട് | ചെലവഴിച്ച | റിമാർക്സ് |
|---|---|---|---|---|

| നം. | തീയതി | | തുക | |
|---|---|---|---|---|
| 1 | 21700788 dt 21-3-2018 | തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ | 9,80,270 | ഇലക്ട്രിസിറ്റി ബോർഡ് കൂത്തുപറമ്പ് സെക്ഷൻ |
| 2 | 21700789 dt 21-3-2018 | തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ | 9,92,218 | ഇലക്ട്രിസിറ്റി ബോർഡ് വേങ്ങാട് സെക്ഷൻ |
| 3 | 21700790 dt 21-3-2018 | തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് ലൈൻ വലിക്കൽ | 49,35,100 | ഇലക്ട്രിസിറ്റി ബോർഡ് കതിരൂർ സെക്ഷൻ |
| | | ആകെ | 69,07,588 | |

വൈദ്യുതി ലൈൻ വലിച്ച് തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് വേണ്ടി വിവിധ ഇലക്ട്രിസിറ്റി ഡിവിഷനിൽ തുക ഒടുക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ച പ്രവൃത്തി കാലതാമസമില്ലാതെ പൂർത്തികരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-9 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി -മോണിട്ടറിംഗില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്റിനറിസർജൻ

1) പ്രൊജക്ട് നമ്പർ :21/17-18

പ്രൊജക്ടിന്റെ പേര് : പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ : ₹62,500 വികസന ഫണ്ട്

: ₹ 1,25,000 ഗുണഭോക്തൃവിഹിതം

: ₹ 62,500 സംസ്ഥാനാവിഷ്കൃതം

ആകെ : ₹2,50,000

ചെലവ് തുക : ₹ 62,500 ബിൽ നം.3/17-18/ 20-12-17

2) പ്രൊജക്ട് നമ്പർ :22/17-18

പ്രൊജക്ടിന്റെ പേര് : പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

അടങ്കൽ : ₹3,75,000 വികസന ഫണ്ട്

: ₹3,75,000 ഗുണഭോക്തൃവിഹിതം

ആകെ : ₹ 7,50,000/-

ചെലവ് തുക : ₹ 1,25,000 ബിൽ നം. 2/17-18/ 20-12-17

: ₹2,12,500 ബിൽ നം. 13/17-18/ 27-3-2018

ആകെ : ₹ 3,37,500

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2017-18 വർഷം പ്രോജക്ട് നമ്പർ 21 പ്രകാരം 10 ഗുണഭോക്താക്കൾക്കും പ്രോജക്ട് നമ്പർ 22 പ്രകാരം 27 ഗുണഭോക്താക്കൾക്കുമാണ് ആനുകൂല്യംനൽകുന്നത്. കോട്ടയം അങ്ങാടി ക്ഷീരസഹകരണസംഘമാണ് കാലിത്തീറ്റ വിതരണം നടത്തുന്നത്.ഗുണഭോക്താക്കളുടെ കന്നുകുട്ടികൾക്ക് ഗുണമേൻമയുള്ള കാലിത്തീറ്റ നിശ്ചിത അളവിൽ ലഭിക്കുന്ന വിവരം എസ്. എൽ. ബി.പി ഗുണഭോക്താക്കൾക്കു നൽകുന്ന വിതരണകാർഡിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. എസ്. എൽ. ബി.പി പദ്ധതിയിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ കൃത്യമായ ഇടവേളകളിൽ പരിശോധിച്ച് എൻറോൾ ചെയ്ത എല്ലാ ഗുണഭോക്താക്കളും പദ്ധതിയിൽ തുടരുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. മേൽ പ്രോജക്ടുകൾ പ്രകാരം കാലിത്തീറ്റ വിതരണം ചെയ്യുന്ന കോട്ടയം അങ്ങാടി ക്ഷീരസഹകരണസംഘത്തിന്റെ കാലിത്തീറ്റ വിതരണരജിസ്റ്റർ പരിശോധിച്ചപ്പോൾ കണ്ടെത്തിയ വിവരങ്ങൾ താഴെ കൊടുക്കുന്നു.പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ (പ്രോജക്ട് നമ്പർ 22) അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ട കമല എം അനൂക്കാവ് (ഗുണഭോക്തൃലിസ്റ്റ് ക്രമനമ്പർ 18 വാർഡ് നമ്പർ 5) എന്ന ഗുണഭോക്താവ് എൻറോൾമെന്റ് നമ്പർ 420030353151 പ്രകാരം പദ്ധതിയിൽ അംഗമായിട്ടുണ്ട്. എന്നാൽ കാലിത്തീറ്റവിതരണരജിസ്റ്റർ പ്രകാരം പ്രസ്തുത ഗുണഭോക്താവ് ഇതുവരേയും ആനുകൂല്യം കൈപ്പറ്റിയിട്ടില്ല. രജിസ്റ്ററിൽ ആബ്സന്റ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽ നിന്ന് വിട്ടുപോയതാണെങ്കിൽ ആനുകൂല്യം അനുവദിക്കുന്നതിനായി നൽകിയ തുക എസ്. എൽ. ബി.പിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. മേൽ പദ്ധതികൾ മോണിറ്റർ ചെയ്യേണ്ടുന്ന ചുമതല നിർവ്വഹണ ഉദ്യോഗസ്ഥനും മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾക്കും വികസനസ്റ്റാൻഡിംഗ് കമ്മിറ്റിക്കുമാണ്. 2016-17 വർഷം പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 93,750/- രൂപ എസ്. എൽ. ബി.പിക്ക് കൈമാറിയതിന്റെ വിനിയോഗസാക്ഷ്യപത്രവും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മുൻവർഷങ്ങളിലെ പദ്ധതികളിൽ നിന്നും ഇതേപോലെ ഗുണഭോക്താക്കൾ വിട്ടുപോയിട്ടുണ്ടോ എന്ന് പരിശോധിച്ച് ചെലവഴിക്കാതെ ബാക്കിയുള്ള തുക തിരികെ ഈടാക്കേണ്ടതാണ്.പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി (പ്രോജക്ട് നമ്പർ 21,22) മുകളിൽ കൊടുത്ത പ്രകാരം എസ്. എൽ. ബി.പിക്ക് കൈമാറിയതുകയുടെ ഔദ്യോഗിക രശീതി ഫയലിൽ ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 3-10 കൃഷിഭവനിലേക്ക് ഫർണിച്ചർ വാങ്ങൽ- -കൃത്യമായ മോണിട്ടറിംഗ് നടന്നില്ല

പ്രോജക്ട് നമ്പർ : 123 ,കൃഷി ഭവനിൽ ഫർണിച്ചർ വാങ്ങൽ

അടങ്കൽ : ₹ 58,000 ,വികസനഫണ്ട്

ചെലവ് : ₹57,955

ബിൽ നമ്പർ,തീയ്യതി : 5/17-18/08-03-18

കൃഷി ഭവനിൽ ഫർണിച്ചർ വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം അലമാര , റാക്ക് , കസേര എന്നിവ ലഭ്യമാക്കുന്നതിനായി , ബിൽ നമ്പർ,തീയ്യതി : 5/17-18/08-03-18 പ്രകാരം പിൻവലിച്ച് റബ്കോയുടെ 57022720873 നമ്പർ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിരുന്നു. എന്നാൽ സ്ഥാപനം സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഫർണിച്ചർ സ്ഥാപനത്തിൽ ലഭ്യമായതായി കാണാത്തതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് എൻക്വയറി നമ്പർ 14/06-09-18 പ്രകാരമുള്ള അന്വേഷണത്തിന് ഫർണിച്ചർ ഇതുവരേയായും സ്ഥാപനത്തിൽ ലഭ്യമായിട്ടില്ലെന്ന് കൃഷി ഓഫീസർ മറുപടി നൽകി. കൃഷിഓഫീസറുടെ 07-09-18 ലെ കത്തിനെ തുടർന്ന് 13-09-18 ന് റബ്കോ ഫർണിച്ചറുകൾ കൃഷിഭവനിൽ എത്തിച്ചതായും സ്റേറാക്കിലെടുത്തതായും കൃഷി ഓഫീസർ അറിയിക്കുകയും ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുകയും ചെയ്തു.2017-18 ലെ പ്രോജക്ട് പ്രകാരം 08-03-18 ന് ഫർണിച്ചറിന്റെ തുക മുൻകൂറായി കൈമാറിയിട്ടും ആറ് മാസങ്ങൾ കഴിഞ്ഞിട്ടും ആയത് ലഭ്യമാക്കാതിരുന്നത് ബന്ധപ്പെട്ടവർ ഗൗരവമായി വീക്ഷിക്കാതിരുന്നത് പോരായ്മയാണ്. വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാതിരുന്നതും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് നടത്താതിരുന്നതും വലിയ പോരായ്മയാണ്. ഇത്തരം പോരായ്മകൾ ഭാവിയിൽ പരിഹരിക്കുന്നതിലേക്കായി ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

## 3-11 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി-അളക്കുന്ന പാലിന്റെ അളവ് സാക്ഷ്യപ്പെടുത്തേണ്ടതാണ്.

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറിസർജൻ

പ്രൊജക്ട് നമ്പർ : 113/17-18

പ്രൊജക്ടിന്റെ പേര് : ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി

അടങ്കൽ : ₹ 10,000 തനത് ഫണ്ട്

: ₹ 75,000 ജില്ലാപഞ്ചായത്ത് വിഹിതം

: ₹75,000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം

ആകെ : ₹ 1,60,000

ചെലവ് : ₹7095/-തനത് ഫണ്ട് ചെക്ക് നം 9390685/ 31-3-2018

: ₹46,605 (ബ്ലോ.പ) ചെക്ക് നം 4290069/ 27-3-2018

: ₹ 41,062 ( ജി.പ) ചെക്ക് നം 4290068/ 27-3-2018

ആകെ : ₹ 94,762/-

2017-18 വർഷം നടപ്പാക്കിയ ക്ഷീര സംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ്സിഡി എന്ന പദ്ധതിക്കായി മുകളിൽ കൊടുത്ത പ്രകാരം ആകെ ₹ 94,762/-

ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. പിണറായി ക്ഷീരോത്പാദകസംഘം , പാട്യം ക്ഷീരോത്പാദക സഹകരണസംഘം , കോട്ടയം അങ്ങാടി ക്ഷീരോത്പാദക സഹകരണസംഘം എന്നിവിടങ്ങളിൽ പാൽ അളക്കുന്ന കർഷകർക്ക് അതാത് സഹകരണസംഘം സെക്രട്ടറിമാർ നൽകിയ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് പാലുത്പാദക ബോണസ് അനുവദിച്ചിരിക്കുന്നത്. സബ്സിഡി തുക അനുവദിക്കുന്നതിന് ഓരോ കർഷകരും ക്ഷീര സംഘത്തിലൂടെ നൽകിയ പാലിന്റെ അളവ് ക്ഷീരവികസന ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 3-12 സാമൂഹ്യ ക്ഷേമ പെൻഷൻ-അവലോകനം

ഗ്രാമപഞ്ചായത്തിൽ നിന്നും 2017-18 വർഷത്തിൽ ലഭിച്ച ക്ഷേമപെൻഷൻ അപേക്ഷകളുടെ വിവരം ചുവടെകൊടുക്കുന്നു.

| ക്രമ നം. | പെൻഷൻ ഇനം | പുതിയ അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചത് |
|---|---|---|---|---|
| 1 | വാർദ്ധക്യ കാല പെൻഷൻ | 172 | 138 | 34 |
| 2 | വിധവ പെൻഷൻ | 44 | 41 | 3 |
| 3 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 5 | 4 | 1 |
| 4 | അംഗപരിമിതകർക്കുള്ള പെൻഷൻ | 15 | 12 | 3 |
| 5 | കർഷക തൊഴിലാളി പെൻഷൻ | 4 | 2 | 2 |

സർക്കാർ ഉത്തരവ് നം. 57414/ഡി,പി 1/2003 ത.സ്വ.ഭ. വ തീയതി 18-12-2003 പ്രകാരം ക്ഷേമപെൻഷൻ അപേക്ഷകളിൽ, അർഹത നിർണ്ണയിക്കുന്നതിന് അവലംബമാക്കിയ മാനദണ്ഡങ്ങൾ, അനുവദിച്ച, തിരസ്കരിച്ച അപേക്ഷകളുടെ വിവരങ്ങൾ എന്നിവ ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്. ഇത് സംബന്ധിച്ച വിവരങ്ങളൊന്നും രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.വാർദ്ധക്യകാല പെൻഷൻ അപേക്ഷകരിൽ 80 വയസ്സ് പൂർത്തിയായവർക്ക് വ്യത്യസ്ത നിരക്കിലാണ് പെൻഷൻ നല്കിവരുന്നത് എന്നതിനാൽ അപേക്ഷകരുടെ പ്രായം അനുബന്ധ രേഖകളുടെ അടിസ്ഥാനത്തിൽ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ജി.ഒ.(എം.എസ്) 59/2013 സാമൂഹ്യ നീതി വകുപ്പ് തീയതി 20-7-2013

ഉത്തരവിൽ സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 3 ലക്ഷമായി ഉയർത്തുകയുണ്ടായി. എന്നാൽ ജി.ഒ.(എം.എസ്) 52/14 സാ.ക്ഷേ.വകുപ്പ് തീയതി- 20-6-2014 ഉത്തരവിലൂടെ 3 ലക്ഷമെന്ന വരുമാന പരിധി പിൻവലിക്കുകയും, വരുമാനപരിധി 1 ലക്ഷമായി ഏകീകരിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ ആകെ 35 ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ട്.ഡി.ബി.ടി സമ്പ്രദായം നടപ്പിൽ വരുത്തിയതിനു ശേഷംകോട്ടയം ഗ്രാമപഞ്ചായത്തിൽ 2010 മുതൽ 2017-18 വരെ പെൻഷൻ സസ്പെൻഡ് ചെയ്ത് ഒഴിവാക്കിയ ഗുണഭോക്താക്കളുടെ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| ദേശീയ വാർദ്ധക്യ കാല പെൻഷൻ | 224 |
| വിധവ പെൻഷൻ | 98 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 10 |
| അംഗപരിമിതകർക്കുള്ള പെൻഷൻ | 36 |
| കർഷക തൊഴിലാളി പെൻഷൻ | 168 |

സസ്പെൻഡ് ചെയ്ത ഗുണഭോക്താക്കളുടെ പെൻഷൻ ഏത് കാലയളവിലാണ് സസ്പെൻഡ് ചെയ്തതെന്നും സസ്പെൻഡ് ചെയ്യുന്നതിനുള്ള കാരണമെന്തെന്നുമുള്ള വിശദവിവരങ്ങൾ ലഭ്യമായിട്ടില്ല. ക്ഷേമപെൻഷൻ തുക ഗുണഭോക്താക്കളുടെ അകൗണ്ടുകളിലേക്ക് നേരിട്ട് കൈമാറുന്ന സമ്പ്രദായം നിലവിൽ വന്നതിനാൽ സ്ഥലം മാറിപോയതും, മരണപ്പെട്ടതുമായ ഗുണഭോക്താക്കളുടെ പെൻഷൻ തുക തിരികെ ഈടാക്കാൻ നിലവിൽ സംവിധാനമില്ല. ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന അവസരത്തിൽ തന്നെ ക്ഷേമപെൻഷൻ കൈപ്പറ്റിവരുന്നവരാണെങ്കിൽ പെൻഷൻ റദ്ദുചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് . അക്കൗണ്ട് വഴിയുള്ളതും, ഗുണഭോക്താക്കൾക്ക് നേരിട്ട് എത്തിച്ച നൽകുന്ന വിധത്തിലുള്ളതുമായ പെൻഷൻ വിതരണം സംബന്ധിച്ച പ്രവർത്തനങ്ങൾ കുറ്റമറ്റ രീതിയിലാണ് നിർവ്വഹിക്കപ്പെടുന്നത് എന്ന് ഉറപ്പുവരുത്തുവാൻ വിശദമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

തൊഴിൽ രഹിത വേതനം അനർഹരായ ഗുണഭോക്താക്കളെ ഒഴിവാക്കേണ്ടതാണ്.

2017-18 ൽ 81 ഗുണഭോക്താക്കളുള്ളതിൽ 74 ഗുണഭോക്താക്കൾ ആനുകൂല്യം കൈപ്പറ്റിയിരുന്നു. നിലവിൽ 50 ഗുണഭോക്താക്കൾ തൊഴിൽ രഹിതവേതനം കൈപ്പറ്റി വരുന്നുണ്ട്. നിലവിലെ ഗുണഭോക്താകൾ ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിയിൽ വേതനം കൈപ്പറ്റിവരുന്നുണ്ടോ എന്ന് പരിശോധന നടത്തേണ്ടതാണ്. ഗുണഭോക്താക്കളിൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ റദ്ദ് ചെയ്യപ്പെട്ട് പ്രത്യേക ഉത്തരവുമൂലം പുതുക്കിയവർക്ക് തൊഴിൽ രഹിതവേതനത്തിന് അർഹതയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇതു സംബന്ധിച്ചും പരിശോധന നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിൽ നിന്നും 2017-18 വർഷത്തിൽ 97 ഗുണഭോക്താക്കൾ തൊഴിൽ രഹിത

വേതനം കൈപ്പറ്റിവരുന്നുണ്ട്. പ്രതിമാസ വരുമാനം 120 രൂപയിൽ അധികരിച്ചാൽ ഈ പെൻഷന് അർഹതയില്ല എന്ന് ജി.ഒ.(പി) 23/98/തൊഴിൽ തീയതി, 28-5-1998 പ്രകാരമുള്ള തൊഴിൽ രഹിത വേതന ചട്ടം-2 ൽ നിർദ്ദേശിച്ചിട്ടുണ്ട്. തൊഴിൽ രഹിതവേതനം കൈപ്പറ്റുന്നവരുടെ വരുമാനം സംബന്ധിച്ച് കൃത്യമായ പരിശോധന നടത്തി അനർഹർ ആനുകൂല്യം കൈപ്പറ്റുന്നത് കർശനമായും ഒഴിവാക്കേണ്ടതാണ്. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിൽ രഹിതരായ വ്യക്തികൾക്ക് വേതനം നൽകുന്ന സ്കീമുകളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുക., അപേക്ഷകൾ ക്ഷണിക്കുക, മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ ചുരുക്കപട്ടിക തയ്യാറാക്കുക, ഒരു തൊഴിലും ലഭ്യമായിട്ടില്ലാത്ത അപേക്ഷകരെയും, പഞ്ചായത്ത് നടപ്പാക്കുന്ന ഒരു സ്കീമിന്റെയും ആനുകൂല്യം ലഭികാത്തവരെയും കണ്ടെത്തുക തുടങ്ങിയ ചുമതലകൾ ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതുണ്ട്.

## 3-13 തെരുവ് വിളക്ക് അറ്റകുറ്റപ്പണി-സംയുക്ത പരിശോധന നടത്തിയിട്ടില്ല- തെരുവ് വിളക്കുകൾ സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് കൃത്യമായകണക്കില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

പ്രൊജക്ട് നമ്പർ : 10/18

പ്രൊജക്ടിന്റെ പേര് : തെരുവ് വിളക്ക് അറ്റകുറ്റപ്പണി

അടങ്കൽ : ₹ 78,100, വികസനഫണ്ട്

ചെലവ് തുക ആകെ : ₹ 78,100, ബിൽ നം.32/17-18/28-03-18

കറാറുകാരൻ : ശ്രീ.ശ്രീലേഷ് ,എലൈറ്റ് ഇലക്ട്രിക്കൽസ് ,ചക്കരക്കൽ

കോട്ടയം ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകൾ ആന്വൽ മെയിന്റനൻസ് കോൺട്രാക്ട് പ്രകാരം ഒരു വർഷത്തേക്ക് റിപ്പയർചെയ്ത് പാലിക്കുന്നതിനാണ് ഈ പ്രോജക്ട് .സി.എഫ്.എൽവിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് ഒന്നിന് 485/-രൂപ നിരക്കിൽ 438 എണ്ണത്തിന് 2,12,430/-രൂപയും സിംഗിൾട്യൂബ് ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് ഒന്നിന് 445 രൂപ വീതം 58 എണ്ണത്തിന് 25,810/- രൂപയും ഡബ്ൾ ട്യൂബ് ലൈറ്റുകൾ റിപ്പയർ ചെയ്യുന്നതിന് ഒന്നിന് 665/- രൂപ വീതം 100 എണ്ണത്തിന് 66,500/- രൂപയുമടക്കം ആകെ 3,04,740/-രൂപ വകയിരുത്തിയിരിക്കുന്നു. ടെണ്ടർ പ്രകാരം കുറഞ്ഞ നിരക്ക് (എസ്റ്റിമേറ്റ് നിരക്ക്) ക്വാട്ട് ചെയ്ത എലൈറ്റ് ഇലക്ട്രിക്കൽസ്, ചക്കരക്കൽ എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയത്. ഇതനുസരിച്ച് തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത വകയിൽ ₹ 78,100 ബിൽ നം.32/17-18 /28-03-18 പ്രകാരം എലൈറ്റ് ഇലക്ട്രിക്കൽസ് ,ചക്കരക്കൽ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.സർക്കുലർ നമ്പർ 3055/ഡി.എ/3/11തീയ്യതി 15-09-11 ന്റെ ഖണ്ഡിക 2(ബി) പ്രകാരം തെരുവ് വിളക്കുകളുടെ വാർഷിക മെയിന്റനൻസ് കരാറിലേർപ്പെടുന്നതിന് മുമ്പ് കെ.എസ്.ഇ.ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിരിക്കണമെന്നും ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം കരാർ എന്നും നിർദ്ദേശിച്ചിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്തിൽ തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്തിയിട്ടില്ല. മാത്രമല്ല

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള രേഖകളിലൊന്നും പഞ്ചായത്തിലെ ആകെ തെരുവ് വിളക്കുകളുടെ ഇനവും എണ്ണവും സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. മേൽ പ്രോജക്ട് പ്രകാരം കരാറുകാരന് തുക നൽകിയിരിക്കുന്നത് വാർഡ് മെമ്പർമാർ നൽകിയ സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമാണ്. തുക നൽകുന്നതിന് മുമ്പായി റിപ്പയർ ചെയ്ത ആകെ തെരുവ് വിളക്കുകളുടെ ഇനവും എണ്ണവും തരം തിരിച്ച് പട്ടിക തയ്യാറാക്കി കൊടുക്കുന്ന തുകയ്ക്ക് കൃത്യത വരുത്തിയിട്ടില്ല.ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിൽ ഒടുക്കിയ തുകയുടെ വിവരം താഴെ കൊടുക്കുന്നു.

| മാസം | ഒടുക്കിയ തുക |
|---|---|
| ഏപ്രിൽ 2017 | 18282 |
| മെയ്2017 | 18282 |
| ജൂൺ 2017 | 18282 |
| ജൂലൈ 2017 | 18282 |
| ഓഗസ്റ്റ് 2017 | 18282 |
| സെപ്റ്റംബർ 2017 | 18282 |
| ഓക്ടോബർ 2017 | 18282 |
| നവംബർ 2017 | 18282 |
| ഡിസംബർ 2017 | 18282 |
| ജനവരി 2018 | 21661 |
| ഫിബ്രവരി 2018 | 21661 |
| മാർച്ച്2018 | 21661 |

മുകളിൽ കൊടുത്ത പ്രകാരം കെ.എസ്.ഇ.ബിക്ക് തുക ഒടുക്കിവരുന്നത് കെ.എസ്.ഇ.ബി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. ഗ്രാമപഞ്ചായത്തിൽ ഇതു സംബന്ധിച്ച് യാതൊരു രേഖകളും ഇല്ല. യഥാർത്ഥത്തിൽ പഞ്ചായത്തിൽ നിലവിൽ കത്തുന്ന വിളക്കുകൾക്ക് തന്നെയാണോ തുക ഒടുക്കുന്നത് എന്നത് ഉറപ്പുവരുത്തിയിട്ടില്ല. തെരുവ് വിളക്കുകൾക്ക് മീറ്റർ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല. ഇക്കാര്യത്തിൽ വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ കാര്യക്ഷമമായ ഇടപെടലുകൾ ഉറപ്പുവരുത്തേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ്, തെരുവ് വിളക്കുകളുമായി ബന്ധപ്പെട്ട പദ്ധതികളുടെ ഫലപ്രദമായ മോണിട്ടറിംഗ് നടത്തേണ്ടതാണ്. എത്രയും പെട്ടെന്ന് കെ.എസ്.ഇ.ബിയുമായി ചേർന്ന് തെരുവ് വിളക്കുകളുടെ സംയുക്തപരിശോധന നടത്താനുള്ള നടപടികൾ കൈക്കൊള്ളേണ്ടതിലേക്ക് ഭരണസമിതിയുടെ

ശ്രദ്ധ ക്ഷണിക്കുന്നു.

## 3-14 <u>മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾ- ശുചിത്വമിഷൻഫണ്ട് ലഭ്യമാകാത്തത് - ₹ 25,968 തടസ്സപ്പെടുത്തുന്നു.</u>

ഗ്രാമപഞ്ചായത്തിലെ മഴക്കാല പൂർവ്വശുചീകരണപ്രവർത്തനങ്ങൾക്കായി 14 വാർഡുകളിൽ മഴക്കാലപൂർവ്വ ശുചീകരണം നടത്തുന്നതിന് വാർഡ് ഒന്നിന് 5000/- രൂപ വീതം ആകെ 70,000/- രൂപയും (വൗച്ചർ നമ്പർ 21700094/26.05.17, തനത് ഫണ്ട് ) ,ശുചിത്വ മിഷൻഫണ്ട് ലഭിക്കാൻ കാലതാമസം നേരിട്ടതിനാൽ ശുചിത്വ മിഷൻ വിഹിതം മുൻകൂറായി 27-05-17 ന് 122400/- രൂപയും ( വൗച്ചർ നമ്പർ 21700095/27.05.17 )രൂപയും തനത് ഫണ്ടിൽ നിന്നും മെഡിക്കൽ ഓഫീസർക്ക് (പി.എച്ച്.സി) അനുവദിച്ചിട്ടുണ്ട്. 14 വാർഡുകളിലും കാട് വെട്ടിത്തെളിച്ച് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുകയാണ് മേൽ ഫണ്ടുപയോഗിച്ച് ചെയ്തത് . ശുചിത്വമിഷൻ ജില്ലാ കോഓർഡിനേറ്ററുടെ 30/05/17 ലെ 754/12 /എസ്.ബി.എം നമ്പർ ഉത്തരവ് പ്രകാരം 78,890/- രൂപയും 20.12.2017 ലെ 754/12/എസ്.ബി.എം നമ്പർ ഉത്തരവ് പ്രകാരം 17,542/-രൂപയും ചേർത്ത് ആകെ 96,432/- രൂപയാണ് മഴക്കാലപൂർവ്വ ശുചീകരണത്തിനായി പഞ്ചായത്തിന് ലഭിച്ചത്. തനത് ഫണ്ടിൽ നിന്നും മുൻകൂറായി ചെലവഴിച്ച തുകയിൽ 25,968/- രൂപ ശുചിത്വമിഷനിൽ നിന്നും അനുവദിച്ചുകിട്ടേണ്ടതായുണ്ട്. ഫണ്ട് വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം ശുചിത്വമിഷന് ലഭ്യമാക്കി ബാക്കിയുള്ള തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അതിനാൽ ₹ 25,968 തടസ്സപ്പെടുത്തുന്നു.

## 3-15 <u>ആശുപത്രിക്ക് മരുന്ന് വാങ്ങൽ - 1,13,913/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല.</u>

നിർവ്വഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ ആയുർവ്വേദം

പ്രോജക്ട് നമ്പർ : 89/18

പേര് : ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 6,00,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

ചെലവ് : 6,00,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

ബിൽ നമ്പർ, തീയ്യതി : 48/17-18 , 26-10-2017 ₹ 6,00,000

മേൽ പ്രോജക്ട് പ്രകാരം ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 6,00,000 രൂപ ഔഷധിക്ക് കൈമാറിയിട്ടുണ്ട്. 6,00,000 രൂപ ചെലവഴിച്ച് മരുന്ന് വാങ്ങിക്കുമ്പോൾ മരുന്നിന്റെ ആവശ്യകത നിർണ്ണയിച്ച് തയ്യാറാക്കിയ ഇന്റന്റ് പരിശോധനയ്ക്ക് ഹാജരാ ക്കാത്തതിനാൽ ആവശ്യപ്പെട്ട പ്രകാരമുള്ള മരുന്നുകൾ തന്നെയാണോ ലഭ്യമാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. 486087/- രൂപയുടെ മരുന്നു മാത്രമേ നാളിതുവരെയായി ഔഷധി ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി 113913/- രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല ഔഷധിയുമായി ഫോണിൽ ബന്ധപ്പെടുന്നുണ്ട് എന്നാണ് ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുള്ളത് (ഓഡിറ്റ് അന്വേഷണം നം.17/2017-18). മരുന്ന് ലഭ്യമായതിന്റെ രേഖകളും

സ്റ്റോക്ക് രജിസ്റ്ററും പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-16 മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളിലെ അപാകങ്ങൾ.

1. പ്രോജക്റ്റ് നമ്പർ : 86/18

പേര് : പി എച്ച് സി ക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ : 20,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

ചെലവ് : 20,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

ബിൽ നമ്പർ, തീയ്യതി : 6/17-18 , 28-09-2017, 50,000/-

മേൽ പ്രോജക്റ്റ് പ്രകാരം 20,000 രൂപ പിൻവലിച്ച് പി എച്ച് സി യിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനായി സിഡ്കോയ്ക്ക് കൈമാറിയിട്ടുണ്ട്. സിഡ്കോ തുക കൈപ്പറ്റിയതിന്റെ രശീതും പ്രഫോർമ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കി യിട്ടുള്ളൂ. മേശ വാങ്ങുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ സ്പെസിഫിക്കേഷൻ, പർച്ചേസ് ഓർഡർ, സിഡ്ക്കോയുടെ ബിൽ, മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാ ക്കിയിട്ടില്ല. ആവശ്യപ്പെട്ട സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള മേശകൾ തന്നെയാണോ ലഭ്യമാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഭാവിയിൽ വാങ്ങൽ നടത്തുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

2. പ്രോജക്റ്റ് നമ്പർ : 84/18

പേര് : ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ : 1,50,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

ചെലവ് : 1,50,000 (മെയിന്റനൻസ് ഗ്രാന്റ്, നോൺറോഡ്)

ബിൽ നമ്പർ, തീയ്യതി : 6/17-18 , 28-09-2017, 1,50,000/-

മേൽ പ്രോജക്റ്റ് പ്രകാരം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി 1,50,000 രൂപ പിൻവലിച്ച് ഹോംകോയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ഹോംകോ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും മരുന്ന് ലഭ്യമായ വിവരവും മുഴുവൻ മരുന്നും സ്റ്റോക്കിലെടുത്തതിന്റെ രേഖകളും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

3. പ്രോജക്റ്റ് നമ്പർ : 88/18

പേര് : സാന്ത്വന പരിചരണ പദ്ധതി

അടങ്കൽ : 2,01,649 (വികസന ഫണ്ട്, ജനറൽ)

: 23,351 (തനത് ഫണ്ട്)

: 2,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

: 1,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)

ആകെ : 5,25,000/-

ചെലവ് : 2,01,649 (വികസന ഫണ്ട്, ജനറൽ)

: 9,690 (തനത് ഫണ്ട്)

: 2,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

: 1,00,000 (ജില്ലാ പഞ്ചായത്ത് വിഹിതം)

ആകെ : 5,11,339/-

TSB ചെക്ക് നമ്പർ JC No 4290061, തീയ്യതി : 29-11-2017, പ്രകാരം 2,00,000/- രൂപ പിൻവലിച്ച് മരുന്നും ഹോം കെയർ ഉപകരണങ്ങളും വാങ്ങുന്നതിനായി KMSCL ന് കൈമാറിയിട്ടുണ്ട്. എന്നാൽ 1,86,057 രൂപയുടെ ബില്ലുകൾ മാത്രമേ പരിശോധനയ്ക്ക് ഹാജരാ ക്കിയിട്ടുള്ളൂ. അവശേഷിക്കുന്ന 13,943 രൂപയുടെ ബില്ലുകൾ കൂടി ഹാജരാക്കേണ്ടതാണ്. കൂടാതെ മുഴുവൻ മരുന്നും ഉപകരണങ്ങളും സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ കൂടി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

4. മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ മുഴുവൻ പദ്ധതികളുടെയും നിർവ്വഹണം സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.ഓഡിറ്റ് അന്വേഷണം നം.18/2017-18

## 3-17 ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പ്രോജക്ട്- രേഖകൾ ലഭ്യമാക്കിയില്ല

എ.. ക്യാഷ് ബുക്ക്, സബ്സിഡയറി കാഷ് ബുക്ക് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബി. അതുല്യം പദ്ധതി നടപ്പിലാക്കിയതിലെ അപാകങ്ങൾ

പ്രോജക്ട് നമ്പർ : 93/18

പേര് : സമഗ്ര തുടർ വിദ്യാഭ്യാസ പദ്ധതി- അതുല്ല്യം

അടങ്കൽ : 42,000 (വികസന ഫണ്ട്)

: 13,000 (തനത് ഫണ്ട്)

ചെലവ് : 32,000 (വികസന ഫണ്ട്)

: 13,000 (തനത് ഫണ്ട്)

ബിൽ നമ്പർ, തീയ്യതി : 5/17-18 , 12-03-2018, 6000/- (ക്ലാസ്സിക് മാർക്കറ്റിംഗ്)

: 6/17-18, 12-03-2018, 6000/- (ക്ലാസ്സിക് മാർക്കറ്റിംഗ്)

: 3/17-18,12-03-2018,14000/-(ജില്ലാ സാക്ഷരത മിഷൻ)

: 8/17-18, 16-03-2018, 6000/- (കറന്റ് ബുക്സ്)

ചെക്ക് നം 5595,തീയ്യതി 05-03-18 : 13,000/- (ഫ്രന്റ് ലൈൻ മാർക്കറ്റിംഗ്)

1)6000/- രൂപ പിൻവലിച്ച് തുടർവിദ്യാ കേന്ദ്രങ്ങളിലേക്ക് കറന്റ് ബുക്സിൽ നിന്നും പുസ്തകങ്ങൾ വാങ്ങിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഇവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. തുടർവിദ്യാകേന്ദ്രങ്ങളിലെ പ്രേരക് മാർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ ബില്ലിലുള്ള 3 പുസ്തകങ്ങൾക്ക് പകരം വേറെ 3 പുസ്തകങ്ങളാണ് ചേർത്തിട്ടുള്ളത്. ആയത് വിശദീകരിക്കപ്പെട്ടിട്ടില്ല.

2.) തുടർവിദ്യാ കേന്ദ്രങ്ങളിലേക്ക് ഫ്രന്റ് ലൈൻ മാർക്കറ്റിംഗിൽ നിന്നും കൈയുള്ള 3 കസേരകളും കൈയില്ലാത്ത 30 കസേരകളും വാങ്ങിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഇവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല. തുടർവിദ്യാകേന്ദ്രങ്ങളിലെ പ്രേരക് മാർ ഹാജരാക്കിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ കൈയില്ലാത്ത 10 കസേരകൾ മാത്രമാണ് സ്റ്റോക്കിലെടുത്തിട്ടുള്ളത് കൈയുള്ള 3 കസേരകൾ നാളിതുവരെയായി പഞ്ചായത്തിൽ സൂക്ഷിച്ചതല്ലാതെ ഇവർക്ക് കൈമാറിയിരുന്നില്ല എന്നത് പദ്ധതിനിർവ്വഹണത്തിലെ വീഴചയാണ് ഈ കസേരകൾ ബന്ധപ്പെട്ട തുടർവിദ്യാകേന്ദ്ര ങ്ങൾക്ക് കൈമാറി എന്നുറപ്പുവരുത്തി വിവരം ലഭ്യമാക്കേണ്ടതാണ്

3). 14 പത്താം തരം തുല്ല്യത പഠിതാക്കളുടെ അപേക്ഷാഫീസ്, രജിസ്ട്രേഷൻ ഫീസ്, പരീക്ഷാ ഫീസ് ഇനങ്ങളിലായി ഒരു പഠിതാവിന് 1000/- രൂപ നിരക്കിൽ 14000/- രൂപ NEFT ട്രാൻസ്ഫർ വഴി 12-3-18 ന് ജില്ലാ സാക്ഷരതാ മിഷന് കൈമാറിയിട്ടുണ്ട്. 2017-18 വർഷത്തിൽ 14പഠിതാക്കൾ പത്താം തരം തുല്ല്യതക്ക് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ പട്ടികജാതി വിഭാഗക്കാർ ഉൾപ്പെട്ടിട്ടുണ്ടോ എന്നും 14000/- രൂപ ഒടുക്കിയതിന്റെ രശീത് സാക്ഷരതാ മിഷനിൽനിന്നും ലഭിച്ചിട്ടുണ്ടോ എന്നും വിശദീകരിക്കപ്പെട്ടിട്ടില്ല.

4.) ക്ലാസ്സിക് മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിൽ നിന്നും 6000/- രൂപയ്ക്ക് ഏഴാംതരം തുല്ല്യത പഠിതാക്കൾക്ക് പഠനോപകരണങ്ങളും 6000/- രൂപയ്ക്ക് 3 തുടർവിദ്യാ കേന്ദ്രങ്ങൾക്ക് ഓഫീസ് സ്റ്റേഷനറിയും വാങ്ങിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥൻ ഇവ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.(ഓഡിറ്റ് അന്വേഷണം നം.25/2017-18)

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 16/18 | 17000 | നെൽകൃഷി വികസനം | 14,416 | 2,584 |
| | 17/18 | 34000 | ജൈവപച്ചക്കറിവികസനം | 21,454 | 12,546 |
| | 113/18 | 75000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 46,605 | 28,395 |
| | 88/18 | 200000 | സാന്ത്വന പരിചരണ പദ്ധതി | 200000 | 0 |
| | 102/18 | 119600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 1,19,600 | 0 |
| ജില്ല പഞ്ചായത്ത് | 113/2018 | 75000 | ക്ഷീരകർകർക്ക് പാലിന് സബ്സിഡി | 41062 | 33938 |
| | 88/18 | 100000 | സാന്ത്വന പരിചരണ പദ്ധതി | 100000 | NIL |
| | 102/18 | 119600 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 119600 | NIL |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം - മുന്നിരിപ്പിൽ ₹ 1,000 തിരിച്ചടച്ചിട്ടുണ്ട്

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിനുമുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവർത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾതാഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ & തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ റർബൻ പദ്ധതി | 21700788/21-3-2018 | 980270 | NIL | 980270 |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ റർബൻ പദ്ധതി | 21700789/21-3-2018 | 992218 | NIL | 992218 |
| | സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ റർബൻ പദ്ധതി | 21700790/21-3-2018 | 4935100 | NIL | 4935100 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹ 19,257 വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത്/ചെക്ക് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-2014 | 3.5 | 3,150 | രമാദേവി ,ഹെഡ് മാസ്റ്റർ , കോട്ടയം മലബാർ, എച്ച് .എസ്. എസ് | 8893/87 തീയതി 23/09/2017 |

| | | | | |
|---|---|---|---|---|
| 2016-2017 | 3.9 | 16,107 | പ്രണാം .കെ ടി , അസി .എഞ്ചിനീയർ, LSGD | 117010101164<br>തീയതി 18/07/2017 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| വിഷയാധിഷ്ഠിത അവലോകനം | 2014-15 ഖ – 43.2.7 | കർഷക തൊഴിലാളി പെൻഷൻ | നിയമസഭാ സമിതിയുടെ പരിഗണനയിൽ |
| 2014-15ൽ ഖ-2(1) | 2016-17 ഖ - 1 | വസ്തുനികുതി സംബന്ധിച്ച പരാമർശം | നിയമസഭാ സമിതിയുടെ പരിഗണനയിൽ |

## 4-8 ചാർജ്ജ് -സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 4,05,85,297.00 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 3,90,39,256.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 1,240 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 25,968 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 1,240 | ശ്രീ ഗിരീഷ് (അസിസ്റ്റന്റ് എഞ്ചിനിയർ) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | | |
|---|---|---|
| ഖണ്ഡിക 3-14 | 25968 | ഡോ. വിനീത ജനാർദ്ദനൻ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ഗിരീഷ് (അസിസ്റ്റന്റ് എഞ്ചിനിയർ) | അസിസ്റ്റന്റ് എഞ്ചിനിയർ<br>കോട്ടയം ഗ്രാമ പഞ്ചായത്ത് | കണ്ടൻ ചിറക്കൽ ഹൗസ്<br>കല്ല്യാശ്ശേരി (പി ഒ) |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈവകുപ്പിൽനിന്നുംപുറപ്പെടുവിച്ച ഏറ്റവുംഒടുവിലത്തെകത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2003-04 | കെ എസ് എ കെ.എൻ.ആർ<br>/സി8-542 / 18, 15-03-2018 | 1 | |
| 2004-05 | കെ എസ് എ കെ.എൻ.ആർ<br>/സി8-542 / 18, 15-03-2018 | 1 | |
| 2006-07 | കെ എസ് എ കെ.എൻ.ആർ<br>/സി8-542 / 18, 15-03-2018 | 2 | |

| | | | |
|---|---|---|---|
| 2009-10&<br>2010-11 | കെ എസ് എ കെ.എൻ.ആർ<br>/സി8-542 / 18, 15-03-2018 | 5 | |
| ,2011-12&<br>2012-13 | കെ എസ് എ കെ.എൻ.ആർ<br>/സി8-542 / 18, 15-03-2018 | 2 | |
| 2013 -<br>14,2014-15 | കെ എസ് എ കെ.എൻ.ആർ<br>/സി8-542 / 18, 15-03-2018 | 4 | |
| 2015-16 | കെ എസ് എ കെ.എൻ.ആർ<br>/സി8-2096 / 16, 30-12-2016 | 16 | |
| 2016-17 | കെ എസ് എ കെ.എൻ.ആർ<br>/സി8-1584 / 17, 12-10-2017 | 13 | |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ./കെ.എൻ.ആർ./സി.8/1728/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തിയതി: 03.12.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്, 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- 215(6) വകുപ്പ് , 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്-ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ണൂർ ജില്ലയിലെ കോട്ടയം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ല ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

## അനുബന്ധം-2-1

# Receipt And Payment Statement

Kottayam Grama Panchayat

Receipt and Payment Statement

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 1834887 |
| Cash | Cash | RP-40(a) | 39876 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 492080 |
| 140000000 | Fees & User Charges | RP-4 | 1006889 |
| 150000000 | Sale & Hire Charges | RP-5 | 80602 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 25506466 |
| 171000000 | Interest Earned | RP-9 | 45351 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 10656277 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 28634 |
| 431000000 | Sundry Debtors (Receivables) | RP-43 | 41464 |
| | Non Operating | | |
| 310000000 | Panchayat Fund | RP-28 | 0 |
| 311000000 | Earmarked Funds | RP-29 | 11080 |
| 340000000 | Deposits Received | RP-34 | 6600 |
| 350000000 | Other Liabilities | RP-36 | 109454 |
| 431000000 | Sundry Debtors (Receivables) | RP-43 | 2576235 |
| 460000000 | Loans, Advances and Deposits | RP-47 | 24165 |
| | Grand total | | 42460060 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2475608 |
| 220000000 | Administrative Expenses | RP-12 | 593766 |
| 230000000 | Operations & Maintenance | RP-13 | 595637 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 2200379 |

| | | | |
|---|---|---|---|
| 251000000 | Decentralised Plan Programme- Service Sector | RP-16 | 7131169 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 97359 |
| 253000000 | Decentralised Plan Programme- Projects not included in | RP-18 | 683652 |
| | Sector Division | | |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 164040 |
| 255000000 | Maintenance Projects | RP-20 | 4493782 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 36000 |
| 280000000 | Prior Period item | RP-26 | -1078 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 112207 |
| 350000000 | Other Liabilities | RP-36 | 4558565 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 649 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | RP-26 | -318 |
| 311000000 | Earmarked Funds | RP-29 | 8000 |
| 340000000 | Deposits Received | RP-34 | 138045 |
| 350000000 | Other Liabilities | RP-36 | 2080211 |
| 410000000 | Fixed Assets | RP-38 | 5821992 |
| 412000000 | Capital work in Progress | RP-40 | 363000 |
| 460000000 | Loans, Advances and Deposits | RP-47 | 7486591 |
| | Closing Balance | | |
| Bank | Bank | RP-40(b) | 3407292 |
| Cash | Cash | RP-40(b) | 13512 |
| | Grand Total | | 42460060 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-2-2

# income and Expenditure Statement

Kottayam Grama Panchayat

income and Expenditure Statement

For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3139970 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 164088 |
| 140000000 | Fee & User Charges | I-4(b) | 1122443 |
| 150000000 | Sale & Hire Charges | I-5(b) | 81892 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 60766086 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 45351 |
| | Total Income | | 65319830 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9219886 |
| 220000000 | Administrative Expenses | I-11(b) | 593766 |

| | | | |
|---|---|---|---|
| 230000000 | Operations & Maintenance | I-12(b) | 718037 |
| 240000000 | Interest & Finance Charges | I-13 | 649 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 4685247 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 14410384 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 97359 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 683652 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 29361240 |
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 4493782 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 36000 |

| | | | |
|---|---|---|---|
| | | | |
| 272000000 | Depreciation | I-17(a) | 3718107 |
| | Total Expenditure | | 68018109 |
| | Gross Surplus/ Deficit of income over Expenditure | | -2698279 |
| 280000000 | Prior Period Item | I-18 | 232382 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | -2930661 |
| 290000000 | Transfer to Reserve Funds | I-18(a) | 0 |

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം-2-3

# BALANCE SHEET

Kottayam Grama Panchayat

BALANCE SHEET

As on 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |

| | | | |
|---|---|---|---|
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | -11095747.97 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 45572 |
| | Agency Fund | | |
| 312000000 | Reserves | B-3 | 42268038 |
| | Total Reserve & Surplus | | 31217862.03 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 1900266 |
| | Total Grants, Contributions for Specific Purposes | | 1900266 |
| | Loans | | |
| 330000000 | Secured Loans | B-5 | 0 |
| | Total Loans | | 0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 129561 |
| 341000000 | Deposits Works | B-8 | 0 |
| 350000000 | Other Liabilities | B-9 | 982914.97 |
| | Total Current Liabilities and Provisions | | 1112475.97 |
| | TOTAL LIABILITIES | | 34230604 |
| | ASSETS | | |
| | Fixed Assets | | |

| | | | |
|---|---|---|---|
| 410000000 | Fixed Assets | B-11 | 39766187 |
| 411000000 | Accumulated Depreciation | B-11 | -16141154 |
| 412000000 | Capital Work in Progress | B-11(a) | 195000 |
| | Total Fixed Assets | | 23820033 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 0 |
| 440000000 | Pre-paid Expenses | B-16 | 0 |
| 450000000 | Cash and Bank Balance | B-17 | 3420804 |
| 460000000 | Loand, Advances and Deposits | B-18 | 6989767 |
| | Total Current Assets, Loans and Advances | | 10410571 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 34230604 |

ഡെപ്യൂട്ടി ഡയറക്ടർ